# لله

# അല്ലാഹു

مليباري


المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد

THE COOPERATIVE OFFICE FOR CALL & FOREIGNERS GUIDANCE AT SULTANAH



Tel:4240077 Fax:4251005 P.O.Box:92675 Riyadh:11663 K.S.A. E-mail: sultanah22@hotmail.com

# അല്ലാഹു

ഡോ. എം. ഉസ്മാൻ

# ALLAHU
(അല്ലാഹു)

AUTHOR:
**Dr. M. Usman**
Nilambur

First Impression : 1984
Second Impression : 1990
Copies : 6000

PUBLISHER :
**NICHE OF TRUTH**
P.B. No. 507, Areacode- 673 639, Kerala, India
COMPOSING :
**FOTOTYPESETTINGS**, Rly. Station Link Road, Calicut -2

Price: Rs.5-00

02 ........................................ 0990 ............................ 006000

ദൈവത്തെക്കുറിച്ച് എമ്പാടും തെററു ധാരണകളും അന്ധവിശ്വാസങ്ങളും മതരംഗത്തുപോലും നിലനിൽക്കുന്നു. അവ പലതും ദൈവത്തിന്റെ മഹത്വം കുറച്ചുകാണിക്കാൻ മാത്രം തരം താണിരിക്കുന്നു. പദാർത്ഥിക ലോകത്തിനപ്പുറം, നമുക്കു അളക്കാനോ തൂക്കാനോ കഴിയാത്ത ദൈവത്തെ നമ്മുടെ ഭാവനകൾക്കൊത്തു രൂപപ്പെടുത്തുന്നതു എത്ര വലിയ വിഡ്ഢിത്തമാണ്. ചിലർ ദൈവത്തെ നിഷേധിക്കുന്നതിന് പ്രധാനമായ കാരണം ദൈവത്തെ വേണ്ടപോലെ മനസ്സിലാക്കാത്തതാണു. ദൈവത്തെ മനസ്സിലാക്കാനുള്ള ഏക മാർഗ്ഗം ദൈവത്തിന്റെ സന്ദേശമാണു. പരിക്ഷണശാലയിൽ ഗവേഷണം നടത്തി അതു കണ്ടെത്താവതല്ല.

എല്ലാററിനും സ്രഷ്ടാവുണ്ടെങ്കിൽ ദൈവത്തെ സൃഷ്ടിച്ചതാര് എന്ന ചോദ്യത്തിന് പ്രസക്തിയില്ല. ദൈവം ലോകത്തിന്റെ സ്രഷ്ടാവാണു എന്ന മൗലിക സത്യം ഉൾക്കൊണ്ടവനെ സംബന്ധിച്ചേടത്തോളം, ആ ദൈവത്തിന്റെ സന്ദേശം സ്വീകരിക്കുക മാത്രമാണു ധർമ്മം. പരമ കാരണത്തിനു പിന്നൊരു കാരണം ആവശ്യമില്ല. ദൈവത്തെ സൃഷ്ടിച്ചതാർ

എന്ന ചോദ്യം ആ സൃഷ്ടിച്ചവനെ സൃഷ്ടിച്ചതാര് എന്നു തുടങ്ങി അവസാനിക്കാത്ത ചോദ്യങ്ങളുടെ കയത്തിലാണെത്തിക്കുക എന്നതോർക്കുക.

പിന്നെ, ലോകത്തിനൊരു സ്രഷ്ടാവുണ്ടെന്നംഗീകരിക്കാൻ സ്രഷ്ടാവിന്റെ സ്രഷ്ടാവിനെ തെരയേണ്ടതില്ല. നമ്മുടെ പ്രശ്നം ലോകത്തിനൊരു സൃഷ്ടാവുണ്ടോ എന്നതാണ്. അത് മനസ്സിലാക്കാൻ സ്രഷ്ടാവിന്റെ സൃഷ്ടിയായ പ്രപഞ്ച വസ്തുക്കൾ സഹായിക്കും. സ്രഷ്ടാവിന്റെ കഴിവിന്റെയും അറിവിന്റെയും നേരിയൊരംശം മാത്രമാണ് സൃഷ്ടി ജാലങ്ങളിലൊളിഞ്ഞു കിടക്കുന്നത്.

ശാസ്ത്രീയ ഗവേഷണങ്ങൾക്കും, ഭൗതിക വിജ്ഞാനത്തിന്റെ പരിധികൾക്കും അപ്പുറമുള്ള ഈ കാര്യത്തെപ്പററിയുള്ള അറിവ് മനുഷ്യർക്ക് ലഭിക്കുവാനുള്ള ഒരേ ഒരു മാർഗം ദൈവിക സന്ദേശങ്ങളാണ്. അതിൽ ഏററവും അവസാനത്തേതും പരിപൂർണ്ണവുമായ പരിശുദ്ധഖുർആൻ അല്ലാഹുവിനെ പരിചയപ്പെടുത്തിക്കൊണ്ടും, അവന്റെ പരിശുദ്ധിയെയും മഹത്വത്തെയും പ്രകീർത്തിച്ചുകൊണ്ടും നൽകുന്ന നിസ്തുലമായ വിവരണങ്ങൾ മനുഷ്യവർഗത്തെ നേർമാർഗത്തിലേക്ക് നയിക്കുവാൻ എത്രയും പര്യാപ്തമാണ്.

ഡയറക്ടർ

നിച് ഓഫ് ട്രുത്ത്,

അരീക്കോട്

# 'അല്ലാഹു'

"ലാഇലാഹ ഇല്ലല്ലാഹ് ' – 'ഒരു ദൈവവുമില്ല അല്ലാഹു അല്ലാതെ' എന്ന പ്രഖ്യാപനമാണ് ഇസ്‌ലാമിന്റെ മാററമില്ലാത്ത അടിസ്ഥാനം. മനുഷ്യാരംഭം മുതൽ എല്ലാ പ്രവാചകൻമാരും മനുഷ്യരോട് ഉത്ബോധനം ചെയ്തിട്ടുള്ള ഏററവും മഹത്തായ വചനമാണത് . എല്ലാ വേദ ഗ്രന്ഥങ്ങളും ആ മഹാ തത്വം, ആ അനശ്വര സത്യം മനുഷ്യരെ പഠിപ്പിക്കുന്നു. എത്ര മാററത്തിരുത്തലുകളും കൈകടത്തലുകളും നടന്നിട്ടുണ്ടെങ്കിലും പൗരാണിക വേദങ്ങളെല്ലാം പരിശോധിച്ചാൽ, ഈ സത്യം ഇന്നും വ്യക്തമായി മനസ്സിലാക്കാം.

'ലാഇലാഹഇല്ലല്ലാഹ് ' "ഒരു ദൈവവുമില്ല അല്ലാഹു അല്ലാതെ" എന്ന ഈ പ്രഖ്യാപനത്തിൽ രണ്ട് കാര്യങ്ങൾ ഉണ്ട് . ഒന്ന്, അത് മനുഷ്യർ ആരാധിച്ചു പോരുന്ന എല്ലാ ദൈവങ്ങളേയും പാടെ നിഷേധിക്കുന്നു. രണ്ട് , അല്ലാഹു മാത്രമാണ് ദൈവം എന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. ആരാധന അർപ്പിക്കപ്പെടുന്നത് എന്തോ, അതാണ് ദൈവം എന്നതുകൊണ്ടുള്ള വിവക്ഷ.

ആരാധനയുടെ മജ്ജ പ്രാർത്ഥനയാണ് , അല്ലെങ്കിൽ പ്രാർത്ഥന തന്നെയാണ് ആരാധന എന്നും പറയാം. പ്രാർത്ഥിക്കപ്പെടുവാൻ, അല്ലെങ്കിൽ ആരാധിക്കപ്പെടുവാൻ അർഹതയുള്ളവനായി ആരുമില്ല. ഒന്നുമില്ല അല്ലാഹു അല്ലാതെ. മുഴുവൻ പ്രപഞ്ചത്തിൻെറയും സ്രഷ്ടാവും പരിപാലകനുമായ സമാരാദ്ധ്യനായ ദൈവത്തെ കുറിക്കുന്ന അറബിപദമാണ് 'അല്ലാഹു'.

'അല്ലാഹു' എന്നു പറയുമ്പോൾ അത് മുസ്ലിംകൾ എന്നു പറയുന്ന ഒരു ജനവിഭാഗത്തിൻെറ ഒരു കുലദൈവമാണെന്ന് പലരും തെററുധരിച്ചതുപോലെ തോന്നുന്നു. അമുസ്ലിംകൾ മാത്രമല്ല, മുസ്ലിംകളാണെന്നവകാശപ്പെടുന്നവരിലും ഒരു വലിയ വിഭാഗം അങ്ങിനെ ധരിച്ചുവശായിട്ടുണ്ട് . എന്നാൽ ഈ ദൃശ്യ പ്രപഞ്ചത്തെയും അതിന്നപ്പുറമുള്ളതിനെയും ശൂന്യതയിൽനിന്ന് സൃഷ്ടിച്ച് നിലനിൽപ്പ് നൽകി പരിപാലിച്ച് അനുക്രമം വളർത്തി ക്കൊണ്ടു വരുന്ന, സർവ്വശക്തനും സർവ്വജ്ഞനുമായ സ്രഷ്ടാ വായ പ്രപഞ്ചകർത്താവാണ് അല്ലാഹു. മുസ്ലിംകളുടെയും ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും മററെല്ലാ ജനവിഭാഗങ്ങ ളുടെയും, കറുത്തവരുടെയും വെളുത്തവരുടെയും പാശ്ചാ ത്യരുടെയും പൗരസ്ത്യരുടെയും അഖില ചരാചരങ്ങളുടെയും എല്ലാം സ്രഷ്ടാവും പരിപാലകനുമാണ് അല്ലാഹു. ഏതെങ്കിലും ഒരു ഭാഷക്കാരുടെയോ, ദേശക്കാരുടെയോ, വർഗ്ഗക്കാരുടെയോ സ്വന്തമല്ല; എല്ലാവരുടെയും യഥാർത്ഥ ദൈവം അവൻ മാത്രമാണ് !

എല്ലാ മനുഷ്യമനസ്സുകളിൽ നിന്നും എല്ലാ സൃഷ്ടികളിൽ നിന്നും പ്രകൃത്യാ ഉണ്ടാകുന്ന പ്രാർത്ഥനകൾ അവങ്കലേക്കാണ് ഉയരുന്നത് . 'ദൈവമേ' 'ഓ ഗോഡ് ', 'ഈശ്വരാ' എന്നെല്ലാം മനുഷ്യൻ വിളിക്കുമ്പോൾ അവൻ ഏത് വിഭാഗത്തിൽ പെട്ടവനാ യായലും, ഉദ്ദേശിക്കുന്നത് സ്രഷ്ടാവായ, പ്രപഞ്ചകർത്താവായ അല്ലാഹുവിനെയാണ് ! ഏത് പേർ വിളിച്ചാലും മനുഷ്യരിൽ നിന്നും പ്രകൃത്യായുണ്ടാകുന്ന പ്രാർത്ഥന, അവരുടെ സ്രഷ്ടാവി നോടുള്ളതാണ് . മററുള്ള കൃത്രിമ ദൈവങ്ങളെ മനുഷ്യർ കെട്ടി ച്ചമച്ചുണ്ടാക്കി, പ്രാർത്ഥിക്കാനുള്ള മനുഷ്യരുടെ വാഞ്ഛയെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്നു. പ്രകൃതി വിരുദ്ധവും സത്യ

വിരുദ്ധവുമായ ഈ പോക്കിന് , മനുഷ്യരുടെ യഥാർത്ഥ ശത്രുവായ പിശാച് ആക്കം കൂട്ടുന്നു. അത്തരം ആരാധനകളും പ്രാർത്ഥനകളും ഫലസിദ്ധിയുള്ളതും നല്ലതുമാണ് എന്ന പ്രതീതി മനുഷ്യമനസ്സിൽ ഉണ്ടാക്കാൻ എല്ലാ കഴിവുകളും ഉപയോഗിച്ചു പിശാച് ശ്രമിച്ചു കൊണ്ടിരിക്കുന്നു.

"ആരാധ്യനായിട്ട് ആരുമില്ല അല്ലാഹു അല്ലാതെ" എന്ന ലളിതമായ ഇസ്ലാമിന്റെ പ്രതിജ്ഞാവാക്യം, യഥാർത്ഥ മനുഷ്യ പ്രകൃതിക്ക് ഏററവും യോജിച്ചതാണെങ്കിലും, പരമ്പരാഗതമായി ബഹുദൈവാരാധനയിൽ മുഴുകിയവർക്ക് അത് വളരെ പ്രയാസ മുള്ള കാര്യമായി അനുഭവപ്പെടുന്നു. അവരുടെ ബുദ്ധിയും വിജ്ഞാനവുമെല്ലാം ബഹുദൈവാരാധനയെ ന്യായീകരിക്കു വാനും, സ്ഥാപിക്കുവാനും ഉപയോഗപ്പെടുത്തുക എന്നല്ലാതെ, പ്രപഞ്ചസ്രഷ്ടാവും സംരക്ഷകനുമായ സാക്ഷാൽ ദൈവം മാത്രമാണ് ആരാധനക്കർഹൻ എന്ന സത്യം ഗ്രഹിക്കുവാൻ, അവരുടെ ബുദ്ധിയും വിജ്ഞാനവും ഒന്നും സഹായകമാകുന്നില്ല. ലൗകിക വിഷയങ്ങളെല്ലാം വളരെയധികം ബുദ്ധിയോടെയും വിവേകത്തോടെയും കൈകാര്യം ചെയ്യുന്നവർ, ആരാധനയുടെ വിഷയം വരുമ്പോൾ അന്ധമായ അനുകരണത്തിന്റെയും പാരമ്പര്യത്തിന്റെയും മാർഗ്ഗം സ്വീകരിക്കുന്നു. ബുദ്ധിക്കും വിവേ കത്തിനും ആ രംഗത്ത് സ്ഥാനമില്ല എന്ന നിലപാടാണ് അധിക മാളുകളും കൈകൊള്ളുന്നത് .

## സ്രഷ്ടാവ് മാത്രമാണ് ആരാധനക്കർഹൻ

ഒരു വസ്തുവിന്നും, പരമാണു മുതൽ നക്ഷത്രസമൂഹങ്ങൾ വരെ യാതൊന്നിനും, ശൂന്യതയിൽ നിന്ന് സ്വയം നിലവിൽ വരിക സാദ്ധ്യമല്ല. ശൂന്യതയിൽ നിന്ന് പരമാണുവല്ല, അതിലും ലോലമായ എലക്ട്രോണോ പ്രോട്ടോണോ സൂക്ഷ്മകണങ്ങളോ പോലും സ്വമേധയാ ഉത്ഭൂതമാകയില്ല. ഈ കാര്യം മനുഷ്യബുദ്ധിക്ക് അധികം ആഴത്തിലൊന്നും ചിന്തിക്കാതെ തന്നെ വ്യക്തമായി ഗ്രഹിക്കാവുന്നതാണ് . പ്രപഞ്ചം സ്വയംഭൂവാണെന്നും അത് എന്നെന്നും ഉണ്ടായിരുന്നതാണെന്നും അനാദിയാണെന്നും

മററുമുള്ള യുക്തിവാദികളുടെയും ഭൗതികവാദികളുടെയും വാദങ്ങൾ ഇന്ന് ശാസ്ത്രലോകം തന്നെ തള്ളിക്കളഞ്ഞിരിക്കയാണ് . വികസിച്ചുകൊണ്ടിരിക്കുന്ന ഈ പ്രപഞ്ചം വികസിക്കാൻ തുടങ്ങിയ ഒരു ഘട്ടമുണ്ടായിരുന്നിരിക്കാതെ തരമില്ല. പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടെന്നും അത് പെട്ടെന്ന് ശൂന്യതയിൽ നിന്ന് ഒരു വമ്പിച്ച സ്ഫോടനത്തോടെ നിലവിൽ വന്നതാണെന്നും മററും ആധുനിക ശാസ്ത്രകാരൻമാർ തന്നെ അഭിപ്രായപ്പെടുന്നു. ശൂന്യതയിൽ നിന്ന് യാതൊന്നിനും സ്വയം ഉണ്ടായിത്തീരാൻ സാദ്ധ്യമല്ല.

ശാസ്ത്രകാരൻമാരുടെ പ്രപഞ്ചത്തെപ്പററിയുള്ള മാറിക്കൊണ്ടിരിക്കുന്ന നിഗമനങ്ങൾ എന്തായാലും, ഒരു പരമാണുവിന്നുപോലും സ്വയം നിലവിൽ വരാനോ സ്വയംഭൂ ആയിരിക്കുവാനോ സാദ്ധ്യമല്ല. പരമാണുവിനെ സംബന്ധിച്ചേടത്തോളം അതിന്റെ ആഭ്യന്തര ഘടനയും ആന്തരികചലനവും മററു സങ്കീർണ്ണ വശങ്ങളും തൽസംബന്ധമായ പഠനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ശാസ്ത്രകാരൻമാരെ അമ്പരപ്പിക്കുന്നു. ചിലർ അത് വെറും 'മായ'യാണെന്നും, ചിലർ അത് വെറും ചലനമാണെന്നും, മററു ചിലർ അത് മനസ്സിന്റെ പ്രവർത്തനം (Mind stuff) ആണെന്നും അങ്ങനെ പല പല അഭിപ്രായങ്ങളും അവരിൽ നിന്ന് ഉയർന്നു വരുന്നു!

പ്രപഞ്ചത്തിന്റെ സ്ഥാനത്ത് ഒരു പരമാണു മാത്രമാണ് ഉള്ളത് എങ്കിൽപോലും, അതിന് നിലനിൽപ്പു നൽകി, നിലനിർത്തിപ്പോരുന്ന ഒരു സ്രഷ്ടാവ് കൂടാതെ കഴിയുകയില്ല. പരമാണുവിന്റെ മദ്ധ്യഭാഗത്ത് ചലിച്ചുകൊണ്ടിരിക്കുന്ന പ്രോട്ടോണും അതിനുചുററും കറങ്ങിക്കൊണ്ടിരിക്കുന്ന എലക്ട്രോണുകളും, ആ സ്രഷ്ടാവിന്റെ കൽപനക്ക് വിധേയമായിക്കൊണ്ടാണ് ചലിച്ചുകൊണ്ടിരിക്കുന്നത് . 'ഉണ്ടാകുക' എന്ന അവന്റെ കൽപനയാണ് പരമാണു മുതൽ നക്ഷത്രസമൂഹങ്ങൾ വരെ എല്ലാററിന്റെയും നിലനിൽപ്പിന്റെ പിന്നിലുള്ള രഹസ്യം! വ്യത്യസ്ത പദാർത്ഥങ്ങൾക്ക് , പരമാണുവിലെ എലക്ട്രോണിന്റെയും പ്രോട്ടോണിന്റെയും എണ്ണ വ്യത്യാസം അനുസരിച്ച് വ്യത്യസ്ത ഗുണങ്ങൾ നൽകുന്നതും, അവയെ അവയുടെ മാർഗ്ഗങ്ങളിൽ നയിക്കുന്നതും സ്രഷ്ടാവ് തന്നെ. എല്ലാ വസ്തുക്കൾക്കും

സൃഷ്ടിപ്പ് നൽകി അവയെ മാർഗ്ഗത്തിൽ നയിക്കുന്ന സ്രഷ്ടാവായ അല്ലാഹുവിൻെറ കൽപ്പന അനുസരിച്ച് നിലവിൽ വന്നതാണ് ഈ പ്രപഞ്ചവും അതിലുള്ള ചരാചരങ്ങളും.

"അവൻെറ കാര്യം ഇത്രമാത്രമാണ് . അവൻ ഒരു വസ്തു ഉണ്ടാവണമെന്ന് ഉദ്ദേശിച്ചാൽ, അതിനോട് 'ഉണ്ടാകു' എന്നു പറയുന്നു. അപ്പോൾ അതുണ്ടാകുകയായി". പരിശുദ്ധ ഖുർആൻ സ്രഷ്ടാവിനെ പരിചയപ്പെടുത്തുന്നത് അങ്ങനെയാണ് . അവൻ ഉണ്ടാവണം എന്ന് ഉദ്ദേശിക്കുന്നത് , ശൂന്യതയിൽനിന്ന് ഉത് ഭൂതമാകുന്നു. അവൻെറ സത്തയും ഗുണങ്ങളും നിസ്തുല ങ്ങളാണ് . അവനെപ്പോലെ യാതൊന്നുമില്ല. അവൻ ഉദ്ദേശിക്കുന്നതിനെ ശൂന്യതയിൽ നിന്ന് അവൻെറ കൽപ്പനകൊണ്ട് ഉത്ഭൂതമാക്കാനുള്ള അപാരവും നിസ്തുലവുമായ കഴിവിനനുയോജ്യമായ അവൻെറ സത്തയെ, ഭാവനയിൽ കൊണ്ടുവരാൻപോലും സാദ്ധ്യമല്ല. അവൻെറ ദൃഷ്ടാന്തങ്ങളിൽകൂടി അവനെ മനസ്സിലാക്കാം. അവൻെറ സത്തയെപ്പററി ചിന്തിച്ച് അവനെ രൂപപ്പെടുത്തുക അസാദ്ധ്യമാണ് . അത് അന്ധാളിപ്പിലെ എത്തിക്കയുള്ളു. ഇന്നു കാണുന്ന വാനലോകവും നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും ഭൂമിയും ജീവജാലങ്ങളുമെല്ലാം അവൻെറ ദൃഷ്ടാന്തങ്ങളാണ് , അവൻെറ സൃഷ്ടികളാണ് . "ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ! അവർ അവയുടെ അരികിലൂടെ നടന്നു പോകുന്നു. അവർ അവയെപ്പററി തീരെ ശ്രദ്ധിക്കുന്നതേയില്ല." (വി.ഖു. 12 : 105).

ഭൂമിയെ മനുഷ്യർക്കും മററു ജീവജാലങ്ങൾക്കും ജീവിക്കുവാൻ പററിയ നിലയിൽ പാകപ്പെടുത്തിയത് , അന്ധമായ, ബുദ്ധിയില്ലാത്ത പ്രകൃതിയുടെ വികൃതിയല്ല, കോടിക്കണക്കിലുള്ള മററു ഗോളങ്ങളിലൊന്നുമില്ലാത്ത വായുമണ്ഡലവും ജലവും ഭക്ഷണപദാർത്ഥങ്ങളും മററു പല സൗകര്യങ്ങളും ഇവിടെ വളരെ ആസൂത്രിതമായി ഏർപ്പെടുത്തിയത് , സർവ്വജ്ഞനും സർവ്വശക്തനും പരമകാരുണ്യവാനുമായ അല്ലാഹുവാണ് . അവൻെറ ദൃഷ്ടാന്തങ്ങളിൽകൂടി അവനെ മനസ്സിലാക്കി, അവനോട് നന്ദികാണിച്ച് അവനെ മാത്രം ആരാധിക്കുവാൻ, ബുദ്ധിയും വിവേചന ശക്തിയും നൽകപ്പെട്ടിട്ടുള്ള മനുഷ്യവർഗ്ഗത്തിനുവേണ്ടി അവൻ ചെയ്ത അനുഗ്രഹമാണിത് !

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവനായി ക്കൊണ്ട് , കൂടുതൽ അനുഗ്രഹങ്ങൾ ആശിച്ചുകൊണ്ടും, ഉപദ്രവങ്ങളിൽ നിന്ന് രക്ഷ തേടിക്കൊണ്ടും അവനോട് മാത്രം പ്രാർത്ഥിച്ചുകൊണ്ടും അവനെ മാത്രം ആരാധിച്ചുകൊണ്ടും ജീവി ക്കേണ്ട മനുഷ്യൻ, തന്റെ പ്രാർത്ഥനകളും ആരാധനകളും അർപ്പിക്കാൻ, പല ദൈവങ്ങളെയും കെട്ടിച്ചമച്ചുണ്ടാക്കുന്നത് എത്ര ഭയങ്കരമായ അക്രമമാണ് ! സ്വന്തം ആസ്തിക്യത്തിന് മാത്രം നന്ദി കാണിച്ച് കടംവീട്ടാൻ പോലും ഒരു മനുഷ്യന്നും സാധ്യമാകയില്ല, എന്നിട്ടല്ലേ എണ്ണമററ മററ് അനുഗ്രഹങ്ങളുടെ കാര്യം! "അപ്പോൾ സൃഷ്ടിക്കുന്നവൻ, സൃഷ്ടിക്കാത്തവനെ പ്പോലെയാണോ? നിങ്ങൾ ചിന്തിക്കുന്നില്ലേ? നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്ക് അത് കണക്കാക്കുവാൻ സാധി ക്കയില്ല. തീർച്ചയായും അല്ലാഹു പൊറുക്കുന്നവനും കരുണാ നിധിയുമാണ് '(വി.ഖു.16:18)

സ്രഷ്ടാവ് മാത്രമെ ആരാധനയർഹിക്കുന്നുള്ളു. അവന് മാത്രമെ ആരാധനക്കും പ്രാർത്ഥനക്കും ഉത്തരം നൽകാൻ സാധിക്കൂ! പ്രാർത്ഥനയും ആരാധനയും വെറും മാനസിക വ്യായാമ മല്ല; ഉത്തരം കിട്ടേണ്ട കാര്യങ്ങളാണ് . പ്രാർത്ഥനക്ക് ഉത്തരം ചെയ്യുക എന്നത് , 'സൃഷ്ടി' ഉൾക്കൊള്ളുന്ന കാര്യമാണ് . അത് സ്രഷ്ടാവിന് മാത്രമെ കഴിയൂ. 'ഉപകാരവും ഉപദ്രവവും ചെയ്യാൻ സാധിക്കാത്ത സ്രഷ്ടാവല്ലാത്ത വ്സുതക്കളെയോ ആളുകളെയോ വിളിച്ച് പ്രാർത്ഥിക്കുന്നതും, അവയ്ക്ക് ആരാധന അർപ്പിക്കുന്നതും ഏററവും വലിയ അക്രമവും വിഡ്ഢിത്ത വുമാണ് . അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവ രായിക്കൊണ്ട് , അങ്ങേയററത്തെ സ്നേഹത്തോടും താഴ്മയോ ടുംകൂടി അവനെ മാത്രം ആരാധിക്കുകയാണ് ബുദ്ധിയും വിവേകവു മുള്ള മനുഷ്യൻ ചെയ്യേണ്ടത് . അവന് നമ്മുടെ നന്ദിയും ആരാധന യും ആവശ്യമില്ല. അവൻ പരാശ്രയ മുക്തനാണ് . അവന്റെ അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരായിക്കൊണ്ട് ; കൂടുതൽ അനു ഗ്രഹങ്ങൾ ആശിച്ചുകൊണ്ടും ഉപദ്രവങ്ങളിൽ നിന്ന് രക്ഷതേടി ക്കൊണ്ടും നാം ചെയ്യുന്ന ആരാധനകളും പ്രാർത്ഥനകളുമെല്ലാം നമുക്ക് വേണ്ടിത്തന്നെയാണ് . "മനുഷ്യരെ! നിങ്ങൾ അല്ലാഹു

വിന്റെ ആശ്രിതരാണ് . അല്ലാഹു, അവനാണ് പരാശ്രയമുക്തനും സ്തുത്യർഹനും" (വി.ഖു. 35: 15)

## നാസ്തികരുടെ അനുമാനം യുക്തിവിരുദ്ധം!

സ്രഷ്ടാവും നിയന്താവുമായ ദൈവത്തിന്റെ ദൃഷ്ടാന്തങ്ങൾ പ്രപഞ്ചം മുഴുവൻ നിറഞ്ഞ് കിടക്കുന്നു. ദൈവ ആസ്തിക്യത്തെ വിളിച്ചോതുന്ന എണ്ണിയാലൊടുങ്ങാത്ത ദൃഷ്ടാന്തങ്ങൾ ലോകം മുഴുവൻ പരന്ന് കിടക്കുന്നുവെങ്കിലും, ദൈവത്തിന്റെ ആസ്തിക്യം നിഷേധിക്കുന്നവർ ദൈവം മനുഷ്യസൃഷ്ടിയാണെന്ന് വാദിക്കാറുണ്ട് . അവരുടെ വാദങ്ങൾ ഇങ്ങനെ പോകുന്നു: "പ്രാചീന മനുഷ്യർ പ്രകൃതിയിലെ പ്രതിഭാസങ്ങൾ കണ്ട് അമ്പരന്ന് പലതരം ദൈവങ്ങളെ പ്രാർത്ഥിച്ചു. അഗ്നിയും സൂര്യനും ചന്ദ്രനും കാററും പ്രകാശവുമൊക്കെ അവർക്ക് ദൈവങ്ങളായിരുന്നു. നാഗരികതിയിൽ മനുഷ്യനുണ്ടായ വളർച്ചയോടൊപ്പം അവന്റെ ദൈവങ്ങളുടെ എണ്ണവും കുറഞ്ഞു വന്നു. അങ്ങനെ പരകോടി ദൈവങ്ങൾ മൂന്നിലെത്തി. പിന്നെ മൂന്ന് ഒന്നൊണെന്നായി. മുഹമ്മദ് ദൈവം ഒന്നുമാത്രമെയുള്ളൂവെന്ന് പ്രഖ്യാപിച്ചു. ഇപ്പോൾ കാലം മുന്നോട്ട് പോയിരിക്കുന്നു, ശാസ്ത്രം വളർന്നിരിക്കുന്നു, ഇനി ഒരു ദൈവത്തിന്റെയും ആവശ്യമില്ല".

ഇടി, മിന്നൽ, കാററ് , മഴ എന്നിത്യാദി പ്രതിഭാസങ്ങൾ പ്രാചീന മനുഷ്യരിൽ പലതരം ദൈവങ്ങളെപ്പററിയുള്ള സങ്കൽപ്പങ്ങൾ ഉണ്ടാകുവാൻ കാരണായി എന്നുവയ്ക്കുക! പക്ഷെ അതിന് മുമ്പ് ഒരു കാര്യം ഗൗനിക്കേണ്ടതുണ്ട് . ഇവയ്ക്കെല്ലാം മുമ്പ് ഈ പ്രപഞ്ചവും അവരുടെ അസ്തിത്വവും അവരിൽ എന്ത് പ്രതികരണമാണുണ്ടാക്കിയത് ? അവരൊക്കെ ഈ പ്രപഞ്ചം സ്വയംഭൂവാണെന്നും, തങ്ങളെല്ലാം പദാർത്ഥത്തിന്റെ കാലാന്തരത്തിലുള്ള പരിണാമത്തിലൂടെ ഉത്ഭൂതരായവരാണെന്നും, മനസ്സിലാക്കിയ നാസ്തികരോ, പദാർത്ഥവാദികളോ ആയിരുന്നിരിക്കാൻ വല്ല അവകാശ വുമുണ്ടോ? ഒരിക്കലുമില്ല, എന്ന് ഏത് ഭൗതികവാദിയും സമ്മതിക്കും.

അസ്തിത്വവും പ്രപഞ്ചവും പ്രാചീന മനുഷ്യരിലുണ്ടാക്കിയ പ്രതികരണം, പ്രപഞ്ചസ്രഷ്ടാവായ ദൈവത്തെപ്പററിയുള്ള വിശ്വാസമായിരുന്നു. അതായിരുന്നു അവരുടെ അടിസ്ഥാന വിശ്വാസം. സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസം നിലവിലിരിക്കെ തന്നെയായിരുന്നു പ്രകൃതിയിലെ വിവിധ പ്രതിഭാസങ്ങളെ വിവിധ ദേവീദേവൻമാരുമായും ഉപദൈവങ്ങളുമായും ബന്ധിപ്പിച്ചുകൊണ്ട് അവർ സങ്കൽപ്പങ്ങൾ നിർമ്മിച്ചുണ്ടാക്കിയത് പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിങ്കലേക്കുള്ള ശുപാർശക്കാരായും ഇടയാളൻമാരായുമാണ് വിവിധ ദൈവങ്ങളെ അവർ സങ്കൽപ്പിച്ചിരുന്നത് !

ആദിമ മനുഷ്യന്റെ അടിസ്ഥാനവിശ്വാസം സ്രഷ്ടാവും സംരക്ഷകനുമായ ഏകദൈവത്തിലുള്ള വിശ്വാസമായിരുന്നു. കാലാന്തരത്തിലാണ് ബഹുദൈവ വിശ്വാസം ഉടലെടുത്തത്. ആഫ്രിക്കയിലെ ആയിരക്കണക്കിലുള്ള ഗോത്രവർഗ്ഗക്കാർ എണ്ണമററ ദേവീദേവൻമാരെയും മൂർത്തികളെയും ആരാധിക്കുന്നു. അതിനുപരിയായി അവരെല്ലാം പ്രപഞ്ചകർത്താവായ ദൈവത്തിൽ വിശ്വസിക്കുന്നു. നമ്മുടെ പശ്ചിമഘട്ടത്തിൽ താമസിക്കുന്ന ആദിവാസികളായ മുത്തൻമാർ, പണിയൻമാർ, ചോലനായ്ക്കൻമാർ എന്നിങ്ങനെയുള്ളവരുടെയും നില ഇത് തന്നെ. അവരെല്ലാം വിവിധ ദേവീദേവൻമാരെയും മൂർത്തികളെയും ആരാധിക്കുന്നവരാണ്. പക്ഷെ എല്ലാവരും പടച്ചതമ്പുരാനിൽ വിശ്വസിക്കുന്നവരാണ്.

നാസ്തികരായ യുക്തിവാദികൾ പറയുന്നപോലെ, പ്രാചീന മനുഷ്യർ തുടക്കത്തിൽ ബഹുദൈവ വിശ്വാസികളായിരുന്നുവെന്നും, വിജ്ഞാനം വർദ്ധിച്ചപ്പോൾ ദൈവങ്ങളുടെ എണ്ണം ചുരുങ്ങി ഒന്നിലെത്തി എന്നും, ശാസ്ത്രീയ വിജ്ഞാനം ഇനിയും വർദ്ധിച്ചുവരുമ്പോൾ ആ വിശ്വാസവും ഇല്ലാതായിത്തീരുമെന്നുമെല്ലാം ഉള്ള വാദങ്ങൾ സത്യവിരുദ്ധവും യുക്തിവിരുദ്ധവുമാണ് എന്നത് വളരെ വ്യക്തമാണ്. ശാസ്ത്രീയ വിജ്ഞാനത്തിന്റെ പാരമ്യത്തിലെത്തിയ എത്രയോ ബഹുദൈവാരാധകരുണ്ട് ! ശാസ്ത്രീയവിജ്ഞാനം തൊട്ട് തീണ്ടിയിട്ടില്ലാത്ത എത്രയോ ഏക

ദൈവ വിശ്വാസികളുണ്ട് ; നിരീശ്വരവാദികളുമുണ്ട് . ശാസ്ത്രീയ വിജ്ഞാനം വർദ്ധിക്കുന്നതോടെ ദൈവവിശ്വാസം ഇല്ലാതായിത്തീരുമെന്നെല്ലാം പറയുന്നത് വെറുതെയാണ് .

ഏതായായലും ഒരു കാര്യം വ്യക്തമാണ് . മനുഷ്യർ എവിടെയെല്ലാ മുണ്ടോ, അവിടെയെല്ലാം ദൈവവിശ്വാസമുണ്ട് . മനുഷ്യന്റെ പ്രകൃതിയിൽ അടങ്ങിയിട്ടുള്ള ഒരു ജന്മവാസന പോലെയാണ് പടച്ചതമ്പുരാനിലുള്ള വിശ്വാസം എന്നു പറയുന്നതാണ് ശരി. ധ്രുവപ്രദേശങ്ങളിലും മരുഭൂമികളിലും മധ്യരേഖാ പ്രദേശ ങ്ങളിലും പർവ്വതശിഖരങ്ങളിലും കാടുകളിലും ദ്വീപുകളിലും എല്ലാം ജീവിക്കുന്ന മനുഷ്യ സമൂഹങ്ങളിൽ, ഒന്നും തന്നെ നിരീശ്വരവിശ്വാ സികളായിരുന്നില്ല. എല്ലാവരും ഏതെങ്കിലും ഒരു തരത്തിലുള്ള ദൈവവിശ്വാസികളാണ് . സ്രഷ്ടാവായ ദൈവത്തെപ്പററിയുള്ള ഒരു ബോധമെങ്കിലുമില്ലാത്ത സമൂഹങ്ങളില്ല. "മനുഷ്യർ ഒരേ സമുദായമല്ലാതെ ആയിരുന്നില്ല, എന്നിട്ട് അവർ ഭിന്നിക്കുകയാണുണ്ടായത് " (വി.ഖു. 10: 19)

ഏകദൈവത്തിൽ വിശ്വസിക്കുകയും ആ ദൈവത്തെ മാത്രം ആരാധിക്കുകയും ചെയ്തിരുന്ന ആദിമ മനുഷ്യസമൂഹം കാലാന്തരത്തിൽ ഭിന്നിക്കുകയാണുണ്ടായത് . കൂടെക്കൂടെ പൈശാചിക പ്രേരണകളു, വ്യാമോഹങ്ങളും ദേഹേച്ഛകളും പലതരം ദൈവ സങ്കൽപ്പങ്ങൾ കെട്ടിച്ചമച്ചുണ്ടാക്കാൻ പ്രേരണ നൽകി. ബഹുദൈവ വിശ്വാസത്തിൽ നിന്ന് അനുക്രമമായി ഉരുത്തിരിഞ്ഞു വന്നതാണ് ഏകദൈവവിശ്വാസമെന്ന വാദം ഒരിക്കലും ശരിയല്ല. തെളിവുകളുടെ യാതൊരു പിൻബലവുമതിന്നില്ല. യുക്തിയും അതിനെ അംഗീകരിക്കുന്നില്ല. വാസ്തവം മറിച്ചാണ് . ഏകദൈവവിശ്വാസമാണ് ആദ്യമേയുള്ളത് . അതിൽ നിന്ന് ജനങ്ങൾ ബഹുദൈവ വിശ്വാസത്തിലേക്ക് വ്യതിചലിക്കുകയാണുണ്ടായത് .–പ്രവാചകൻമാരും വേദഗ്രന്ഥങ്ങളുമെല്ലാം, ബഹുദൈവവിശ്വാസങ്ങളിലേക്ക് വഴുതിപ്പോയ ജനങ്ങളെ, ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളത് .

## പ്രവാചകന്മാർ ദൈവാവതാരങ്ങളല്ല

പരലോക ജീവിതത്തെപ്പററി മുന്നറിയിപ്പും, സുവിശേഷവും നൽകുവാനും, അല്ലാഹുവിൻെറ അനുഗ്രഹങ്ങളെപ്പററി അനുസ്മരിപ്പിക്കുവാനും അവനെ മാത്രമേ ആരാധിക്കുവാൻ പാടുള്ളുവെന്ന് മനുഷ്യരെ ധരിപ്പിക്കുവാനും, ദൈവദൂതൻമാരെ അല്ലാഹു മനുഷ്യരിൽ നിന്ന് തന്നെ നിയോഗിക്കുകയും അവർ മുഖേന വേദഗ്രന്ഥങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്തു. ഈ വിധത്തിൽ എല്ലാ സമുദായങ്ങളിലും ദൈവദൂതന്മാർ നിയുക്ത രായിട്ടുണ്ട്. മനുഷ്യരെ യാതൊരു മാർഗ്ഗനിർദ്ദേശവുമില്ലാതെ, ഇഷ്ടംപോലെ വിഹരിക്കുവാനും തപ്പിത്തടയാനും വിട്ടിരിക്കയല്ല. അവരിൽ നിന്ന് അല്ലാഹു തിരഞ്ഞെടുക്കുന്ന ഉത്തമരും വിശ്വസ്തരും സത്യസന്ധരുമായവർക്ക്, ദിവ്യബോധനം നൽകി ദൈവദൂതന്മാരായി നിയോഗിക്കുകയും അവർ മുഖേന മനുഷ്യ രെ നേർമാർഗ്ഗത്തിലേക്ക് നയിക്കുകയും ചെയ്തു. മനുഷ്യാരംഭം മുതൽ അല്ലാഹു സ്വീകരിച്ചിട്ടുള്ള നടപടി ക്രമമാണിത്. മനുഷ്യരെ സംബന്ധിച്ചേടത്തോളം ഇത് ഏററവും വലിയ ഒരനുഗ്രഹമാണ്.

"അല്ലാഹുവെ മാത്രം ആരാധിക്കുക, മററാരാധ്യരെയെല്ലാം വർജ്ജിക്കുക എന്ന ബോധനവുമായി എല്ലാ സമുദായങ്ങളിലേക്കും നാം പ്രവാചകൻമാരെ അയച്ചിട്ടുണ്ട്" എന്ന് ഖുർആൻ പറയുന്നു (16:36)

അധർമ്മം കൊടി കുത്തി വാഴുകയും, സാക്ഷാൽ സ്രഷ്ടാവായ ദൈവത്തിന് പുറമെ മനുഷ്യർ പല ദൈവങ്ങളെയും സങ്കൽ പ്പിച്ചുണ്ടാക്കി ആരാധിക്കുകയും, നൻമയുടെ സ്ഥാനം തിൻമ കരസ്ഥമാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാത മാകുകയും ചെയ്തിട്ടുള്ള ഘട്ടങ്ങളിൽ മനുഷ്യരെ നേർ മാർഗ്ഗത്തിലേക്ക് നയിക്കുവാൻ ദിവ്യബോധനം നൽകിക്കൊണ്ട് ദൈവദൂതൻമാരെ അല്ലാഹു മനുഷ്യരിൽ നിന്ന് തന്നെ നിയോ ഗിച്ചുപോന്നു. ധർമ്മപുനസ്ഥാപനത്തിന് ദൈവം മനുഷ്യനായി അവതരിക്കുന്നു എന്ന തെററിദ്ധാരണ, പ്രവാചകൻമാരെപ്പററി പിൽക്കാലത്തുണ്ടായ അതിർകവിഞ്ഞ ചിന്താഗതികളിൽ നിന്ന്

ഉടലെടുത്തതാവാം. പ്രവാചകൻമാർ വെറും ഉപദേഷ്ടാക്കൾ മാത്രമായിരുന്നില്ല. ഉപദേശങ്ങൾ ജീവിതത്തിൽ പ്രയോഗവൽക്കരിച്ച് മാതൃക കാണിക്കേണ്ടവരുമാണ്. മനുഷ്യ പ്രകൃതിക്കും സ്വഭാവത്തിനും അനുയോജ്യമായ നിയമങ്ങളും തത്വങ്ങളുമാണ് തങ്ങളുപദേശിക്കുന്നതെന്ന് ജീവിതത്തിലൂടെ തെളിയിക്കേണ്ടവരാണ്. അതുകൊണ്ട് അവർ മനുഷ്യർ തന്നെ ആയിരിക്കണം. അതിന് മനുഷ്യപ്രകൃതിയിൽനിന്ന് തികച്ചും ഭിന്നരായ 'മാലാഖ'മാരോ സാക്ഷാൽ ദൈവം തന്നെയോ മനുഷ്യരൂപം പൂണ്ട് മനുഷ്യർക്കിടയിൽ ജീവിച്ചിട്ട് കാര്യമില്ല. മാലാഖമാരുടെ ജീവിതം അവർക്ക് മാത്രമേ പിന്തുടരാൻ കഴിയൂ.

ദൈവത്തെ സംബന്ധിച്ചേടത്തോളം മനുഷ്യജൻമം സ്വീകരിക്കുകയോ മനുഷ്യരൂപം കൈക്കൊള്ളുകയോ ചെയ്യുന്നത് അവന്റെ പരിശുദ്ധ ഗുണങ്ങൾക്ക് യോജിച്ചതല്ല. ഭ്രൂണാവസ്ഥയിലും ശൈശവത്തിലും ബാല്യത്തിലും മററു ജീവിതഘട്ടങ്ങളിലുടനീളവും മനുഷ്യരെ ആശ്രയിച്ചു ജീവിക്കേണ്ടുന്ന ഒരു ഗതികേട് പരാശ്രയമില്ലാത്ത ദൈവത്തിനുണ്ടായിക്കൂടാ. ഊണും ഉറക്കവും ഭാര്യയും സന്താനവും ഉള്ള ദൈവം സ്ഥിര ശ്രദ്ധനോ പരസ്വാധീനമുക്തനോ ആവുകയില്ല. അതിനാൽ ദൈവം മനുഷ്യനായി അവതരിക്കുന്നുവെന്ന സങ്കൽപം ദൈവത്തിന്റെ മഹത്വത്തിന് കളങ്കമേൽപ്പിക്കലാണ്. ദൈവദൂതരായ മനുഷ്യരിൽ പിൽക്കാലത്തെ ജനങ്ങൾ ദിവ്യത്വമാരോപിച്ചുവെന്നതാണ് വസ്തുത.

ദൈവ വിശ്വാസികളായ മനുഷ്യർ തന്നെ ദൈവത്തെപ്പററി പലതരത്തിലുള്ള തെററായ ധാരണകളും വെച്ചുപുലർത്തുന്നതിനെ വേദഗ്രന്ഥങ്ങളും ദൈവദൂതൻമാരും തിരുത്തുകയും അല്ലാഹുവിനെപ്പററിയുള്ള യഥാർത്ഥ വിജ്ഞാനം മനുഷ്യർക്ക് നൽകുകയും ചെയ്തുകൊണ്ടിരുന്നു. എന്നാലും കാലാന്തരത്തിൽ പിശാചിന്റെ പ്രേരണക്കും സ്വന്തം ദേഹേച്ഛക്കും വശംവദരായിക്കൊണ്ട് പലതരം ദൈവ സങ്കൽപങ്ങളും മനുഷ്യർ രൂപപ്പെടുത്തിക്കൊണ്ടിരുന്നു.

പ്രവാചക പരമ്പരയിൽ അന്തിമനാണ് മുഹമ്മദുനബി(സ). അദ്ദേഹം മാനവകുലത്തിനാകമാനം നിയുക്തനായ പ്രവാചകനാണ് . അദ്ദേഹത്തിലൂടെ മനുഷ്യർക്ക് അല്ലാഹു നൽകിയ വിശുദ്ധ ഗ്രന്ഥമത്രെ ഖുർആൻ. അത് യാതൊരു വിധ കയ്യേററത്തിനും വിധേയമാവാതെ തനതായ രൂപത്തിൽ നമ്മുടെ മുമ്പിലുണ്ട് .

മുഹമ്മദ് നബിയെ സംബന്ധിച്ച് അദ്ദേഹം ഒരു മനുഷ്യനായ ദൈവദൂതനെന്നല്ലാതെ, ദേവനാണെന്നോ, ദൈവാവതാരമാണെന്നോ, ദൈവമാണെന്നോ മുസ് ലിംകൾ വിശ്വസിക്കുന്നില്ല. അങ്ങനെ വിശ്വസിക്കുന്നവന് ഇസ് ലാമിൽ സ്ഥാനവുമില്ല. 'അല്ലാഹുവല്ലാതെ ഒരു ദൈവവുമില്ല' എന്നതാണ് ഇസ്ലാമിൻെറ പ്രഥമ പ്രതിജ്ഞാ വാകൃമെങ്കിൽ 'മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണ് ' എന്നതാണ് ദ്വിതീയ വചനം. 'ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രം, എനിക്ക് ദിവ്യബോധനമുണ്ടെന്നേയുള്ളൂ (വി.ഖു. 19:20) എന്ന് പ്രഖ്യാപിക്കാൻ അദ്ദേഹം അല്ലാഹുവിനാൽ ശാസിക്കപ്പെട്ടതായി ഖുർആനിൽ ഒന്നിലേറെ സ്ഥലത്ത് കാണാം. പൂർവ്വ പ്രവാചകൻമാരിൽ ചിലരെ അവരുടെ അനുയായികൾ വാഴ്ത്തുന്നതുപോലെ നിങ്ങളെന്നെ വാഴ്ത്തരുതെന്നും ഞാൻ അല്ലാഹുവിൻെറ ദൂതനും ദാസനും മാത്രമാണെന്നും നബി അനുയായികളെ ഉപദേശിച്ചിട്ടുണ്ട് . ചരമം പ്രാപിക്കുന്നതിൻെറ തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ തൻെറ ഖബ് ർ ആരാധനാലയമാക്കരുതെന്നും ആഘോഷസ്ഥലമാക്കരുതെന്നും പലവട്ടം താക്കീതു നൽകുകയുണ്ടായി. അങ്ങനെ ചെയ്യുന്നവർ ശാപത്തിന് വിധേയരാണെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു.

മുസ്ലിംകൾ മുഹമ്മദ് നബിയെ അന്തിമ പ്രവാചകനും മാതൃകാപുരുഷനുമെന്ന നിലയിൽ അങ്ങേയററം ആദരിക്കുന്നു. ലോകത്തെമ്പാടുമുണ്ടായിട്ടുള്ള സർവ്വ പ്രവാചകൻമാരെയും വിവേചനം കൂടാതെ ആദരിക്കാൻ ഖുർആൻ ശാസിക്കുന്നുണ്ട് . പക്ഷെ മുഹമ്മദ് നബിയേയോ മററേതെങ്കിലും പ്രവാചകൻമാരെയോ ദൈവാവതാരങ്ങളോ ദിവ്യാംശമുള്ളവരോ ആയി കൽപ്പിച്ചു ആരാധിക്കുവാനോ പ്രാർത്ഥിക്കുവാനോ പാടുള്ളതല്ല.

## മിഥ്യാ സങ്കൽപങ്ങൾ

അവസാനത്തെ വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ മനുഷ്യരും പിശാചുക്കളും അല്ലാഹുവിൽ ആരോപിച്ചിട്ടുള്ള എല്ലാ തെററായ സങ്കൽപങ്ങളെയും തിരുത്തുകയും, അവൻെറ ഗുണ വിശേഷങ്ങളെ സുവ്യക്തമായി വിവരിക്കുകയും, മനുഷ്യർ ആരോപിക്കുന്ന എല്ലാ പോരായ്മകളിൽ നിന്നും അവനെ പരിശുദ്ധനാക്കുകയും ചെയ്യുന്നു.

അല്ലാഹുവിൻെറ ഗുണവിശേഷങ്ങളെ അവൻ തന്നെ പരിചയപ്പെടുത്തിത്തരുന്നത് അപ്പടി സ്വീകരിക്കുകയെന്നല്ലാതെ മനുഷ്യഭാവനക്കും അഭീഷ്ടത്തിനും അനുസരിച്ച സങ്കൽപങ്ങൾക്ക് അവിടെ സ്ഥാനമില്ല. മനുഷ്യർ ചിലപ്പോൾ ദൈവത്തെ മനുഷ്യനോളം താഴ്ത്തുന്നു; ചിലപ്പോൾ മനുഷ്യരെ ദൈവത്തോളം ഉയർത്തുന്നു. മനുഷ്യൻെറ പോരായ്മകളും കഴിവുകേടുകളും ഗുണങ്ങളും സ്വഭാവങ്ങളും അല്ലാഹുവിന് ആരോപിച്ച് സ്രഷ്ടാവിൻെറ നിസ്തുലമായ പദവിയെ കളങ്കപ്പെടുത്താൻ ഒരുമ്പെടുന്നു. മനുഷ്യ ഭരണാധികാരികളെപ്പോലെ ശുപാർശകരുടെ സ്വാധീനത്തിന് വിധേയനാകുന്ന, സാധാരണക്കാർക്ക് നേരിട്ട് ബന്ധം സ്ഥാപിക്കാൻ പററാത്ത ഒരു നിലപാടുകാരനായി അല്ലാഹുവിനെ സങ്കൽപിക്കുന്നു. എന്നിട്ട് ദൈവസാമീപ്യം നേടിയവരെന്ന് തങ്ങൾ അനുമാനിക്കുന്ന പുണ്യവാളൻമാരെ ദൈവത്തിങ്കൽ ശുപാർശകരായി അവരോധിച്ചു അവർ മുഖേന ദൈവസാമീപ്യത്തിന് ശ്രമിക്കുന്നു.

അതുപോലെ സൃഷ്ടികൾക്ക് സ്രഷ്ടാവിൻെറ കഴിവുകൾ സങ്കൽപിച്ച് അവരെ വിളിച്ച് പ്രാർത്ഥിക്കുവാനും അവരെ ആരാധിക്കുവാനും ഒരുമ്പെടുന്നു! മനുഷ്യരെപ്പോലെ സന്താനങ്ങളുള്ളവനാണെന്ന് സങ്കൽപിച്ച് ആ 'സന്താന'ങ്ങളുടെ തൃപ്തി നേടി അല്ലാഹുവിനോടടുക്കുവാൻ ചിലർ ശ്രമിക്കുന്നു.

സൃഷ്ടികളിൽ നിന്ന് എല്ലാ കാര്യത്തിലും വ്യത്യസ്തനായ സ്രഷ്ടാവിൻെറ നിസ്തുലസത്തയെ എല്ലാ സൃഷ്ടികളിലും ലയിച്ചു കിടക്കുന്ന ഒരു ശക്തിയായോ, അല്ലെങ്കിൽ ഏതെങ്കിലും മനുഷ്യരിൽ

ഇടക്ക് അവതരിക്കുന്ന ഒന്നായോ സങ്കല്പിക്കുന്നവരുണ്ട്. സ്രഷ്ടാവും സൃഷ്ടിയും രണ്ടല്ല എന്ന നിഗമനത്തിലെത്തുന്ന അദ്വൈത വിശ്വാസികളാണവർ. ഇത്തരത്തിലുള്ള എല്ലാ തെറ്റായ സങ്കല്പങ്ങളെയും ധാരണകളെയും തിരുത്തുകയും അല്ലാഹുവിനെ പരിശുദ്ധമായ നിലയിൽ പരിചയപ്പെടുത്തുകയും അവന്റെ ഗുണങ്ങളെയും കഴിവുകളെയും ദൃഷ്ടാന്തങ്ങളെയും വേണ്ട വിധത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധ ഖുർആനും, അതിന്റെ വ്യാഖ്യാനമായ പ്രവാചകന്റെ വചനങ്ങളുമാണ് അല്ലാഹുവിനെ സംബന്ധിച്ച യാഥാർത്ഥ്യം ഗ്രഹിക്കുവാൻ നമുക്കുള്ള മാർഗ്ഗങ്ങൾ.

## ഖുർആൻ പരിചയപ്പെടുത്തുന്ന ദൈവം

"അല്ലാഹു അവനല്ലാതെ വേറെ ആരാധ്യനില്ല. ജീവനുള്ളവൻ; സ്വയം പര്യാപ്തനായ സർവ്വ നിയന്താവ്. അവനെ ഒരു വിധ മയക്കവും ഉറക്കവും ബാധിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാണ്. അവന്റെ അനുവാദമില്ലാതെ അവന്റെയടുത്ത് ശുപാർശ ചെയ്യുന്നവൻ ആരുണ്ട്? അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും അവന് അറിയാം. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ അവർ യാതൊന്നും അറിയുന്നില്ല. അവന്റെ സിംഹാസനം ആകാശഭൂമികളെ ഉൾക്കൊണ്ടിരിക്കുന്നു; അവയുടെ സംരക്ഷണം അവന് ഭാരമല്ല. അവൻ അത്യുന്നതനും മഹത്വമേറിയവനുമാകുന്നു" (വി.ഖു.2 : 255)

ദൈവത്തെ കേവലം ഒരു 'ശക്തി'യായി അവതരിപ്പിക്കുക പതിവുണ്ട്. 'നിർഗുണ പരമാത്മാ' എന്ന് പറയും പോലെ യാതൊരു ഗുണങ്ങളുമില്ലാത്ത അന്ധമായ ഒരു ശക്തിയാണ് ദൈവം എന്ന് അനുമാനിക്കുന്നവർക്ക് അവനെ ബോധ്യപ്പെടണമെന്നില്ല. അവർ അവനെക്കാൾ ഉയർന്നവരാണ്. അവർക്ക് വ്യക്തിത്വമുണ്ട്, ജീവനുണ്ട്, ഗുണങ്ങളുണ്ട്, ചിന്തിക്കുവാനും മനസ്സിലാക്കുവാനും ഉള്ള കഴിവുകളുണ്ട്, വികാരവിചാരങ്ങളുണ്ട്. എന്നാൽ അവരുടെ സങ്കല്പത്തിൽ ദൈവം ജീവനില്ലാത്ത, വിചാര വികാരങ്ങളില്ലാത്ത, ബുദ്ധിയും, വിജ്ഞാനവുമില്ലാത്ത അന്ധമായ

ഒരു നിർഗ്ഗുണ 'ശക്തി' മാത്രമാണ്. അപ്പോൾ മനുഷ്യൻ ദൈവത്തേക്കാൾ ഉയർന്ന നിലയിലാണ്! മനുഷ്യൻെറ അഹന്തക്ക് പോഷണം നൽകുന്ന ഒരു ദൈവസങ്കൽപമാണിത്.

എന്നാൽ പരിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്ന ദൈവം — അല്ലാഹു — തീർത്തും വ്യത്യസ്തനാണ്. 'ജീവനുള്ളവൻ; 'മരിക്കലും മരിക്കാതെ ജീവനുള്ളവൻ', "ഒരിക്കലും മരിക്കാതെ ജീവിക്കുന്നവനിൽ നിങ്ങൾ ഭരമേൽപിക്കുക, അവൻെറ സ്തുതി പ്രകീർത്തനം ചെയ്യുക" (വി.ഖു.25 : 58) സൃഷ്ടികളുടെ ജീവനിൽ നിന്നും ജീവിതത്തിൽ നിന്നും വിഭിന്നമാണ് അവൻേറത്.

'അവനെ പ്പോലെ യാതൊന്നുമില്ല' (വി.ഖു. 42 : 11) എന്നത് അവൻെറ എല്ലാ ഗുണങ്ങൾക്കും ബാധകമാണ്. അവൻ പരാശ്രയ മുക്തനാണ്. സ്വയം പര്യാപ്തനാണ്, എല്ലാവരും അവനെ ആശ്രയിക്കുന്നു. അവൻ ആരെയും ഒന്നിനെയും ആശ്രയിക്കുന്നില്ല. ഒരു മയക്കവും ഉറക്കവും ബാധിക്കാതെ എപ്പോഴും എല്ലാം അറിഞ്ഞുകൊണ്ടും എല്ലാം നിയന്ത്രിച്ചുകൊണ്ടും സർവ്വഥാ ജാഗരൂകനാണ് അവൻ. അതുകൊണ്ടാണ് ഭൂമിയും സൂര്യനും ചന്ദ്രനും അനന്തമായ ആകാശത്ത് പരന്നുകിടക്കുന്ന കോടാനു കോടി നക്ഷത്രങ്ങളും എല്ലാം പരസ്പരം കൂട്ടിമുട്ടാതെ, വ്യവസ്ഥാപിതമായി ചലിച്ചു കൊണ്ടിരിക്കുന്നത്.

'തീർച്ചയായും അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും നീങ്ങിപ്പോകാതെ പിടിച്ചു നിർത്തുന്നു. അവയെങ്ങാനും നീങ്ങി പ്പോയാൽ അവനല്ലാതെ ആർക്കും അവയെ പിടിച്ചുനിർത്താൻ സാധ്യമാകയില്ല' (വി.ഖു. 35 : 41) ആകർഷണ ശക്തിയെപ്പററിയും പ്രകൃതിയെപ്പററിയുമെല്ലാം പല സിദ്ധാന്തങ്ങളും നമുക്ക് ആവിഷ്കരിക്കാം. പക്ഷെ, അവസാന വിശകലനത്തിൽ എല്ലാ വസ്തുക്കളും ഏകനായ സ്രഷ്ടാവിലേക്ക് വിരൽ ചൂണ്ടുന്നു. ഒരു വസ്തുവിനും സ്വയം നിലവിൽ വരാനോ നിലനിൽക്കാനോ സാദ്ധ്യമല്ല. ഏററവും ചെറിയത് മുതൽ ഏററവും വലിയതു വരെയുള്ള എല്ലാ വസ്തുക്കൾക്കും ഒരു 'റബ്ബ്' (സൃഷ്ടിച്ച് പരിപാലിച്ചു ലക്ഷ്യത്തിലേക്ക് വളർത്തിക്കൊണ്ടുവരുന്ന നാഥൻ)

കൂടാതെ നിലവിൽ വരാനോ നിലനിൽക്കുവാനോ സാധ്യമല്ല തന്നെ. മനുഷ്യർക്ക് അററം കാണാൻ കഴിയാത്ത ഈ ദൃശ്യപ്രപഞ്ച ത്തിൻെറയും അതിന്നപ്പുറമുള്ളതിൻെറയുമെല്ലാം സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിൻെറ അറിവിൽനിന്നും കഴിവിൽ നിന്നും നിയന്ത്രണത്തിൽ നിന്നും ഒരു പരമാണുവോ, അതിലും നിസ്സാരമായതുപോലുമോ ഒഴിവായിപ്പോവുകയുമില്ല.

'അല്ലാഹുവിൻെറ സിംഹാസനം ആകാശങ്ങളെയും ഭൂമിയെയും ഉൾക്കൊള്ളുന്നു' വെന്ന് പറഞ്ഞത് അവൻെറ അധികാര വ്യാപ്തിയെ കുറിക്കുന്നു. ഈ ലോകത്തിൻെറ സ്രഷ്ടാവെന്ന പോലെ അതിൻെറ നിയന്താവുമവൻ തന്നെ. സൃഷ്ടിക്കുന്നത് ഒരു ദൈവവും സംരക്ഷിക്കുന്നത് ഒരു ദൈവവും സംഹരി ക്കുന്നത് മററൊരു ദൈവവുമല്ല. അത്തരം തെററുധാരണകൾ ദൂരീകരിക്കാനാണ് 'അവയുടെ സംരക്ഷണം അവന് ഭാരമല്ല, എന്ന് പറഞ്ഞത് . വ്യത്യസ്ത ദൈവങ്ങളുടെ നിയന്ത്രണത്തിലാണ് ഈ അനന്തകോടി ഗോളങ്ങൾ നീങ്ങുന്നതെങ്കിൽ അരാജകത്വം കൊണ്ട് അവ എന്നോ നശിച്ചു കഴിഞ്ഞിട്ടുണ്ടാവും. ദൈവങ്ങൾ തമ്മിലുള്ള മൽസരങ്ങളും അധികാര വടംവലിയും ലോകത്തിൻെറ നാശത്തിൽ കലാശിച്ചിരിക്കും. "അവയിൽ അല്ലാഹുവിന് പുറമെ ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അവ തകർന്നിട്ടുണ്ടാവും" (വി. ഖു 21:22) എന്ന ഖുർആൻ വചനം ദൈവത്തിൻെറ ഏകത്വം തെളിയിക്കുന്ന യുക്തിപരമായ സമർത്ഥനമാണ് .

## സൃഷ്ടിയിൽ ലയിച്ചിട്ടില്ല

"ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്യുന്നു. അവൻ പ്രതാപശാലിയും അഗാധജ്ഞനുമത്രെ. ആകാശങ്ങളിലെയും ഭൂമിയിലെയും പരമാധി പത്യം അവനുള്ളതാണ് . അവൻ ജീവിപ്പിക്കുകയും മരവി പ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാററിനും കഴിവുള്ളവനാണ് . അവനാണ് , ആദിമൻ അവനാണ് അന്തിമൻ. പ്രത്യക്ഷനും പരോക്ഷനുമായവനും അവൻ തന്നെ. അവൻ എല്ലാ കാര്യങ്ങളും പൂർണ്ണമായി അറിയുന്നവനാണ് " (വി. ഖു. 57: 1—3).

സ്രഷ്ടവായ അല്ലാഹുവിന്റെ സത്ത അവന്റെ സൃഷ്ടികളിൽ നിന്ന് വേറിട്ടു നിൽക്കുന്നു. സൃഷ്ടിയിൽ ലയിച്ച് വിമുക്തനാകാൻ സാധിക്കാത്ത, സർവ്വത്തിലും വ്യാപിച്ചു കിടക്കുന്ന ഒരു അന്ധമായ ശക്തിയായി മാത്രം ദൈവത്തെ സങ്കൽപിക്കുന്നത് ദൈവത്തെ നിഷേധിക്കുന്നതിന് തുല്യമാണ് . ഭൗതികവാദികൾ പ്രകൃതിയെന്ന് പറയുമ്പോൾ ഉദ്ദേശിക്കുന്നതും അദ്വൈതക്കാരുടെ ദൈവവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. പക്ഷെ, അവരുടെ ഈ സങ്കൽപം വാസ്തവത്തിൽ ബഹുദൈവാരാധനയിലേക്ക് അവരെ എത്തിക്കുന്നു. എല്ലാ വസ്തുക്കളിലും ദൈവികാംശം കുടികൊള്ളു ന്നുവെന്നും അതുകൊണ്ട് എന്തിനെ ആരാധിച്ചാലും അതെല്ലാം ദൈവത്തിനുള്ള ആരാധനയാണെന്നും അവരിൽ ചിലർ വാദിക്കുന്നു.

അല്ലാഹു അവന്റെ സൃഷ്ടികളിൽ ലയിച്ച് വ്യാപിച്ച് കിടക്കുക യല്ല, അവന്റെ സത്ത സൃഷ്ടിയിൽ നിന്ന് വേറിട്ട് നിൽക്കുന്നു. പക്ഷെ, അവന്റെ അറിവും കഴിവും എല്ലാററിനെയും ചൂഴ്ന്നു നിൽക്കുന്നു. സ്ഥല—കാലപരിധികൾക്ക് അതീതനായ അല്ലാഹു നിങ്ങൾ എവിടെയായാലും നിങ്ങളുടെ കൂടെയുണ്ടതാനും. ഭൂമിയുടെ അന്തർഭാഗമോ ആകാശങ്ങളുടെ വിദൂരതയിലോ യാതൊന്നും അവന്റെ അറിവും കഴിവും വലയം ചെയ്യാത്തതായിട്ടില്ല.

ഈ പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ട് . അതിന് അനാദിത്വമില്ല. ആരുടെ കൽപന പ്രകാരം പ്രപഞ്ചം നിലവിൽ വന്നോ ആ സ്രഷ്ടാവാണ് അനാദിയായുള്ളവൻ. എല്ലാം നശ്വരമാണ് . അവൻ മാത്രമാണ് അനശ്വരൻ. അവന്റെ ദൃഷ്ടാന്തങ്ങളിൽ കൂടി അവൻ പ്രത്യക്ഷനാണ് . യഥാർത്ഥത്തിൽ അദൃശ്യനുമാണ് ദൃശ്യനായ ആ സ്രഷ്ടാവ് , പ്രപഞ്ച പരിപാലകനായ അല്ലാഹു, അവൻ മാത്രമാണ് ദൈവം; അവൻ മാത്രമാണ് ആരാധ്യൻ, അവനെ നേർക്കു നേരെ, യാതൊരു ഇടയാളരുമില്ലാതെ, യാതൊരു പ്രതീകവുമില്ലാതെ ആരാധിക്കുക. "രാവും പകലും സൂര്യനും ചന്ദ്രനും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് . സൂര്യനും ചന്ദ്രനും നിങ്ങൾ സാഷ്ടാംഗം ചെയ്യരുത് ; അവയെ സൃഷ്ടിച്ച അല്ലാഹുവിനുമാത്രം സാഷ്ടാംഗം ചെയ്യുക, നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ " (വി. ഖു. 41 : 27)

## പിതാവല്ല; പുത്രനുമല്ല

ദൈവത്തെ പിതാവായും പുത്രനായും സങ്കൽപിക്കുന്നതിനെ ഖുർആൻ നിശിതമായി എതിർത്തിട്ടുണ്ട്. ഖുർആനിലെ ഏററവും ചെറിയ ഒരു സൂറഃ (അദ്ധ്യായ) ത്തിലെ ആശയം ഇവിടെ പകർത്തുന്നു;

"പ്രഖ്യാപിക്കുക, അവൻ അല്ലാഹുവാണ്. ഏകനാണ്. അല്ലാഹു അഖിലത്തിന്നും ആശ്രയവും പരാശ്രയമില്ലാത്തവനു മാകുന്നു. അവൻ ജനിപ്പിച്ചിട്ടില്ല; അവൻ ജാതനുമല്ല അവനു തുല്യമായി യാതൊന്നുമില്ല" (വി.ഖു. സൂറഃ 112)

അല്ലാഹുവിൻെറ നിസ്തുലതയും ഏകത്വവും, അവൻെറ സത്തയിലും ഗുണങ്ങളിലും ആസ്തികൃത്തിലും പ്രവർത്തനങ്ങളിലും എല്ലാ ബാധകമാണ്. അവന് ഒരു സന്താനവുമില്ല; അവൻ ആരുടെയും സന്താനവുമല്ല. സന്താനത്തിന് പിതാവിൻെറ ഗുണങ്ങളും കഴിവുകളും ഏറെക്കുറെയുണ്ടായിരിക്കും. ചിലപ്പോൾ ചില വിഷയങ്ങളിൽ പിതാവിനെക്കാൾ കഴിവുകൾ ഉണ്ടായേക്കും. ആരെയും അല്ലാഹുവിൻെറ 'പുത്രൻ' എന്ന് ഒരു അലങ്കാര രൂപത്തിൽപോലും വിശേഷിപ്പിക്കുവാൻ പരിശുദ്ധ ഖുർആൻ അനുവദിക്കുന്നില്ല. "അവർ പറയുന്നു. പരമ കാരുണികൻ ഒരു സന്താനത്തെ കൈക്കൊണ്ടിട്ടുണ്ടെന്ന്. ആകാശങ്ങൾ പൊട്ടി പ്പൊളിയുകയും ഭൂമി പിളരുകയും പർവ്വതങ്ങൾ തകർന്നുവീഴുകയും ചെയ്യുമാറുള്ള ഒരു മഹാപാതകമാണ് നിങ്ങൾ ചെയ്തിട്ടുള്ളത്; പരമ കാരുണികന് ഒരു സന്താനത്തെ ആരോപിക്കുവഴി. സന്താന ത്തെ സ്വീകരിക്കുക പരമകാരുണികന് ഭൂഷണമല്ല. അകാശ ഭൂമി കളിലുള്ള ഏവരും പരമ കാരുണികൻെറ അടുക്കൽ ഒരു ദാസനായി വരാതിരിക്കില്ല" (വി.ഖു. 19 : 88—93)

പരിശുദ്ധ ഖുർആൻെറ അവതരണോദ്ദേശ്യങ്ങളിൽ ഒന്ന് 'ദൈവപുത്രാ'രോപണം നടത്തിയവർക്ക് മുന്നറിയിപ്പ് കൊടുക്ക ലാണ് ഖുർആൻെറ അവതരണോദ്ദേശ്യത്തെപ്പററി അല്ലാഹു പറ യുന്നു: "അല്ലാഹു ഒരു സന്താനത്തെ കൈക്കൊണ്ടു എന്നു പറയുന്ന

വർക്ക് മുന്നറിയിപ്പ് കൊടുക്കുവാൻവേണ്ടിയും. അതിനെക്കുറിച്ച് അവർക്ക് ഒരറിവുമില്ല; അവരുടെ പിതാക്കൾക്കുമില്ല. അവരുടെ വായിൽ നിന്ന് പുറപ്പെടുന്ന വാക്ക് മഹാ പാതകം തന്നെ. അവർ അസത്യമല്ലാതെ പറയുന്നില്ല" (വി.ഖു. 18 : 4,5)

ഒരു അലങ്കാര രൂപത്തിൽ പോലും പറയാൻ പാടില്ലാത്ത ഒരു പ്രയോഗമാണ് 'ദൈവപുത്രൻ' എന്നത് . സൃഷ്ടികൾ എത്ര വലിയവരായാലും അല്ലാഹുവിൻെറ ദാസൻ എന്ന നിലയല്ലാതെ അതിന്നപ്പുറമുള്ള ഒരു ബന്ധം അല്ലാഹുവിനോട് ഉണ്ടായിരിക്കുവാൻ പററുകയില്ല. അല്ലാഹുവിൻെറ കൽപനപ്രകാരം നിലവിൽ വരികയും നിലനിൽക്കുകയും അവൻെറ കൽപനപ്രകാരം നശിക്കുകയും ചെയ്യുന്ന അല്ലാഹുവിൻെറ സൃഷ്ടിയെ അവൻെറ പുത്രനായി ആരോപിച്ചുകൂടാത്തതാണ് . പുത്രന് പിതാവിൻെറ മേൽ സ്വാധീനവും അവകാശങ്ങളും, ചിലപ്പോൾ അധികാരവുമുണ്ടായിരിക്കും. പിതാവിനെ വിശ്രമിക്കുവാൻ വിട്ട് പൂർണ്ണമായ അധികാരവും നിയന്ത്രണവും കയ്യേൽക്കുവാനും പുത്രന് സാധിക്കും. അല്ലാഹുവിന് തുല്യനേയോ അതിലും ഉപരിയായവനേയോ ആരോപിക്കലാണ് ദൈവപുത്ര സങ്കൽപം കൊണ്ടുണ്ടായിത്തീരുന്നത് . അല്ലാഹുവിൻെറ പരിശുദ്ധിക്കും നിസ്തുലതക്കും ഏകത്വത്തിന്നും ഒട്ടും യോജിക്കാത്ത 'ദൈവപുത്രൻ' എന്ന സങ്കൽപത്തെ പരിശുദ്ധ ഖുർആൻ വളരെ ശക്തിയായി തിരസ്ക്കരിക്കുന്നു; ആവർത്തിച്ചാവർത്തിച്ച് വിമർശിക്കുന്നു. "അവർ പറയുന്നു: 'അല്ലാഹു ഒരു സന്താനത്തെ വരിച്ചിരിക്കുന്നുവെന്ന് . അവൻ എത്ര പരിശുദ്ധൻ! അകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻെറതാണ് . എല്ലാം അവന് കീഴ്പ്പെട്ടതാണ് . ആകാശങ്ങളെയും ഭൂമിയെയും മുൻ മാതൃകയില്ലാതെ സൃഷ്ടിച്ചവൻ, അവൻ ഒരു കാര്യം വിധിച്ചാൽ 'ഉണ്ടാവുക' എന്ന് അതിനോട് അവൻ പറയുക മാത്രം മതി; അപ്പോൾ അതുണ്ടാകുന്നു" (വി.ഖു. 2: 116, 117)

## പരമകാരുണികനും കരുണാനിധിയും

"അവനത്രെ അല്ലാഹു, അവനല്ലാതെ ഒരു ദൈവവുമില്ല.

അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവൻ; അവൻ പരമ കാരുണികനും കരുണാനിധിയുമാണ് " (വിഖു. 59 : 22)

സാക്ഷാൽ ദൈവം ഉത്തമമായ അനേക നാമങ്ങളിൽ അറിയപ്പെടുന്നു. ആ നാമങ്ങൾ അവന്റെ ഗുണങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ആ നാമങ്ങളെ വ്യത്യസ്ത ദൈവങ്ങളായി സങ്കൽപിക്കുന്ന മിമ്മായൊരബദ്ധം പല സമുദായങ്ങളിലുമുണ്ട് . ഖുർആനിൽ ഏററവുമധികം ആവർത്തികപ്പെട്ട രണ്ട് പരിശുദ്ധ നാമങ്ങളാണ് 'റഹ്മാനും' 'റഹീമും' 'പരമ കാരുണികനും കരുണാനിധിയും'.

പരിശുദ്ധ ഖുർആനിൽ 'അർറഹ്മാൻ' എന്ന ഒരദ്ധ്യായം തന്നെയുണ്ട് . അത് തുടങ്ങുന്നതിങ്ങനെയാണ് : 'പരമകാരുണികൻ. അവൻ ഖുർആൻ പഠിപ്പിച്ചു. മനുഷ്യനെ സൃഷ്ടിച്ചു. സംസാരം പഠിപ്പിച്ചു.' (55: 1—4)

അവന്റെ അപാരമായ കാരുണ്യം കൊണ്ടാണ് അവൻ മനുഷ്യരെ സൃഷ്ടിച്ചതും അവർക്ക് ആശയ വിനിമയം ചെയ്യാനുള്ള കഴിവ് നൽകിയതും അവർക്ക് നേർമാർഗ്ഗം കാണിച്ചുകൊടുക്കുവാൻ പ്രവാചകൻമാരെ നിയോഗിച്ചതും ഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും, അന്തിമമായി പരിശുദ്ധഖുർആൻ അവതരിപ്പിച്ചതുമെല്ലാം. അവന്റെ അനുഗ്രഹങ്ങളെ എണ്ണിക്കണക്കാക്കുവാൻ സാധ്യമല്ല. കരുണയുടെ ഉറവിടമായി അവന്റെ കരുണയുടെ ഒരു ശതമാനം മാത്രമാണ് ലോകത്തുള്ള എല്ലാ കാരുണ്യത്തിന്റെയും അടിസ്ഥാനം എന്നത്രെ നബി(സ) വിശദീകരിച്ചിട്ടുള്ളത് .

പരമകാരുണികൻ മനുഷ്യരുടെ പാപങ്ങൾ പൊറുക്കുവാനും അവരുടെ പശ്ചാത്താപം സ്വീകരിച്ച് അവരെ അനുഗ്രഹിക്കുവാനും സദാ സന്നദ്ധനായി നിൽക്കുന്നു. മുഹമ്മദ് നബി(സ)യുടെ കാലത്ത് മക്കയിലെ ബഹുദൈവാരാധകൻമാർ അല്ലാഹുവിൽ വിശ്വസിച്ചിരുന്നു. പക്ഷെ, അല്ലാഹുവിന്റെ ഈ വിശേഷണത്തെ— 'പരമകാരുണികൻ' എന്ന നാമത്തെ— സ്വീകരി

ക്കുവാൻ അവർ ഒരുക്കമില്ല. കാരണം, അല്ലാഹു പരമ കാരുണികനാണെങ്കിൽ പിന്നെ അല്ലാഹുവിനു പുറമെ അവർ വിളിച്ചു പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്തിരുന്ന ഇടയാളൻമാരൊന്നും ആവശ്യമുണ്ടായിരുന്നില്ലല്ലോ. അവർ ധരിച്ചിരുന്നത് , പാപികളായിരുന്ന അവരോട് അല്ലാഹുവിന് അതിയായ വെറുപ്പും ദേഷ്യവും ആണെന്നും ഒരിക്കലും അവരോട് അവൻ കാരുണ്യം കാണിക്കുകയില്ലെന്നുമായിരുന്നു. എന്നാൽ അല്ലാഹു പ്രഖ്യാപിക്കുന്നത് നോക്കൂ:– "പറയുക,. തങ്ങളുടെ ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച എന്റെ അടിമകളേ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുതേ. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. തീർച്ചയായും അവനത്രെ പൊറുത്തു കൊടുക്കുന്നവനും കരുണാനിധിയും. നിങ്ങളുടെ രക്ഷിതാവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും അവന്നായി അർപ്പണം നടത്തുകയും ചെയ്യുവിൻ; നിങ്ങൾക്ക് ശിക്ഷ വരുന്നതിന് മുമ്പ് . പിന്നെ നിങ്ങൾ സഹായിക്കപ്പെടുകയില്ല." (വി.ഖു. 39 : 53)

"ആരാണ് അല്ലാഹുവല്ലാതെ പാപങ്ങൾ പൊറുക്കുവാൻ?" എന്ന അല്ലാഹുവിന്റെ ചോദ്യം ഏത് പാപിയായ മനുഷ്യന്നും ആശയം ആശ്വാസവും നൽകുന്നു. പശ്ചാത്തപിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. പാപം പൊറുക്കുന്നത് അവന് ഇഷ്ടമാണ് . പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു കുററബോധവും പശ്ചാത്താപവുമുള്ള ഏതു ദാസന്റെയും ഏത് പാപവും പൊറുത്തു കൊടുക്കും. അതിന് മററാരുടെയും ശുപാർശ വേണ്ട. മാദ്ധ്യസ്ഥം വേണ്ട.

ഒരാളുടെ പാപഫലം മറെറാരാളനുഭവിക്കേണ്ടി വരിക എന്ന അനീതി ദൈവത്തിൽ നിന്ന് ഒരിക്കലുമുണ്ടാവില്ല. ദൈവത്തിന്റെ മുമ്പിലല്ലാതെ മറെറാരാളുടെയും മുമ്പിൽ ഏററു പറയേണ്ടതുമില്ല, പറഞ്ഞിട്ട് കാര്യവുമില്ല. പിതാവിന്റെ പാപം പുത്രനേയോ പുത്രന്റെ പാപം പിതാവിനേയോ ബാധിക്കില്ല. മനുഷ്യ

പിതാവിന്റെ പാപഫലം മനുഷ്യകുലം മുഴുവൻ ചുമക്കേണ്ടതാണെന്ന തത്വത്തെ ഇസ്ലാം ശക്തിയുക്തം തള്ളിക്കളയുന്നു. മനുഷ്യരുടെ പാപ പരിഹാരാർത്ഥം ദൈവം മനുഷ്യനായവതരിച്ച് സ്വയം ബലിയാവേണ്ടുന്ന ഒരാവശ്യവുമില്ല. പാപിയുടെ മനസ്സ് ശുദ്ധമായിത്തീരുകയും അവന് തന്റെ പാപത്തെ സംബന്ധിച്ചിടത്തോളം ആത്മാർത്ഥമായ ഖേദമുണ്ടാവുകയും താൻ അതാവർത്തിക്കില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്താൽ തന്നെ മനുഷ്യമനസ്സിന്റെ ലോലമായ ചലനങ്ങൾ പോലുമറിയാൻ കഴിയുന്നവനും കാരുണികനുമായ ദൈവം പാപം പൊറുത്തു കൊടുക്കും.

പാപി തിരിച്ചു വരുമ്പോൾ അല്ലാഹുവിനുണ്ടാകുന്ന സന്തോഷാധിക്യം എന്തുമാത്രമാണെന്ന് അനുയായികൾക്ക് ഒരിക്കൽ നബി(സ) വിശദീകരിച്ചു കൊടുത്തതിങ്ങനെയാണ്

മരുഭൂമിയിൽ ഒരു മരത്തണലിൽ വിശ്രമിക്കുന്ന ഒരു പഥികൻ നിദ്രയിലാണ്ടുപോകുന്നു. ഉണർന്നപ്പോൾ തന്റെ ഒട്ടകത്തെ കാണുന്നില്ല. അതിന്റെ പുറത്താണ് അയാളുടെ ആഹാര പാനിയങ്ങളും മററും സാധനങ്ങളും. അററം കാണാത്ത മരുഭൂമിയിൽ ദാഹജലംപോലും നഷ്ടപ്പെട്ട് താൻ ഒററപ്പെട്ടതിൽ പരിഭ്രാന്തനായി അയാൾ വിവശനായി കഴിയുമ്പോൾ അയാളുടെ മുമ്പിലതാ ആ ഒട്ടകം പ്രത്യക്ഷപ്പെടുന്നു. ഭക്ഷണവും വെള്ളവുമെല്ലാം അതിന്റെ പുറത്തുണ്ട് . നഷ്ടപ്പെട്ട തന്റെ ഒട്ടകത്തെ തിരിച്ചുകിട്ടിയപ്പോൾ അയാൾക്കുണ്ടായ സന്തോഷമെത്രയോ അതിനേക്കാൾ എത്രയോ ഇരട്ടിയാണ് പാപിയായ ദാസൻ പശ്ചാത്തപിക്കുമ്പോൾ അല്ലാഹുവിനുണ്ടാകുന്ന സന്തോഷം.

വിശുദ്ധ ഖുർആനും അതിന്റെ ആധികാരിക വ്യാഖ്യാതാവായ നബിയും അല്ലാഹുവിന്റെ കാരുണ്യാതിരേകത്തെയും പാപികൾക്ക് അവൻ ചെയ്യുന്ന മാപ്പിനെയും ആവർത്തിച്ചാവർത്തിച്ച് ഊന്നിയൂന്നി പഠിപ്പിക്കുന്നുണ്ട് . പരമകാരുണികൻ,

കരുണാനിധി, പൊറുക്കുന്നവൻ, മാപ്പ് ചെയ്യുന്നവൻ, വിട്ടുവീഴ്ച ചെയ്യുന്നവൻ, സൗമ്യൻ, വിശാലൻ, ഉദാരൻ എന്നിങ്ങനെ പരശ്ശതം സ്ഥലങ്ങളിൽ വിശുദ്ധ ഖുർആൻ അല്ലാഹുവിനെ വിശേഷി പ്പിക്കുന്നു.

ഏത് നല്ല കാര്യം ചെയ്യുമ്പോഴും മുസ്ലിംകൾ 'ബിസ്മി....' ചൊല്ലിക്കൊണ്ട് തുടങ്ങുന്നു. അങ്ങനെ ചെയ്യുവാൻ അവർക്ക് നബി(സ)യുടെ നിർദ്ദേശമുണ്ട്. "പരമ കാരുണികനും കരുണാ നിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ" എന്നതാണ് 'ബിസ്മി'. അല്ലാഹുവിന്റെ അനുപമവും അളവററതുമായ കരുണ മാത്രമാണ് മനുഷ്യന് ആശ്രയം. ആ സ്നേഹവായ്പ്പും കാരു ണ്യവും പിതാവിന്റെയും മാതാവിന്റെയും സ്നേഹത്തെക്കാളും കാരുണ്യത്തെക്കാളും എത്രയോ ഉന്നതമാണ്.

## കർമ്മഫലം

എന്നാൽ നൻമയെയും തിൻമയെയും അസത്യത്തെയും സത്യത്തെയും നീതിയെയും അനീതിയെയും ധർമ്മത്തെയും അധർമ്മത്തെയും അല്ലാഹുവിന്റെ കാരുണ്യം തുല്യമായി ഗണിക്കുമെന്ന് ധരിക്കരുത്. നൻമക്ക് നല്ല പ്രതിഫലവും തിൻമക്ക് അതിനനുസരിച്ച ശിക്ഷയും ഉണ്ടായിരിക്കുകയെന്നത് ധാർമ്മിക സദാചാര മൂല്യങ്ങൾ അർത്ഥവത്താകണമെങ്കിൽ അത്യാവശ്യമാണ്. "ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവിന്റേതാണ്. തിൻമ ചെയ്യുന്നവർക്ക് അവർ പ്രവർത്തിച്ചതനുസരിച്ചു പ്രതിഫലം നൽകുന്നതിനും, നൻമ ചെയ്യുന്നവർക്ക് ഏററവും നല്ലതുകൊണ്ട് അവൻ പ്രതിഫലം നൽകുന്നതിനുംവേണ്ടി" (വി. ഖു. 53 : 31)

ശിക്ഷയും രക്ഷയും നൽകുന്ന നീതിമാനും കാരുണ്യവാനുമായ അല്ലാഹു അവന്റെ മഹാ കാരുണ്യം മൂലം മനുഷ്യരെയെല്ലാം മരണാനന്തരം അവസാനനാളിൽ രണ്ടാമതും ഉയിർത്തെഴു നേൽപ്പിക്കും. മനുഷ്യന് അവൻ അനശ്വരമായ ഒരാത്മാവാണ്

പ്രദാനം ചെയ്തിട്ടുള്ളത് . എല്ലാം നശിച്ച ശേഷം അവസാന നാളിൽ അവൻെറ കൽപനയുണ്ടാകുമ്പോൾ, ആദ്യമനുഷ്യൻ തൊട്ട് അവസാന മനുഷ്യൻ വരെ, ഒരാളും വിട്ടുപോകാതെ ഭൂമിയിൽ നിന്നു ജഡത്തോടുകൂടി ഉയിർത്തെഴുന്നേൽപ്പിക്കപ്പെടും. അല്ലാഹുവിൻെറ ഇതിനുള്ള കഴിവിനെയാണ് ദൈവവിശ്വാസികളായിട്ടുള്ളവരിൽ തന്നെ വലിയൊരു വിഭാഗം നിഷേധിക്കുന്നത് .

പരിശുദ്ധ ഖുർആൻ വളരെ ശക്തിയായി മനുഷ്യരെ ഉൽബോധിപ്പിക്കുന്നത് അല്ലാഹു തീർച്ചയായും മനുഷ്യരെ മരണാനന്തരം ജഡത്തോടുകൂടി ഉയിർത്തെഴുന്നേൽപ്പിക്കുകയും അവരെയെല്ലാം പരലോകത്ത് ഒരുമിച്ച് കൂട്ടി അവരുടെ കർമ്മങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകുകയും ചെയ്യും എന്ന കാര്യമാണ് .

"അല്ലാഹു അല്ലാതെ വേറെ ഒരു ദൈവവുമില്ല; തീർച്ചയായും നിങ്ങളെ അവസാനനാളിൽ ഒരുമിച്ചുകൂട്ടും. അതിൽ യാതൊരു സംശയവുമില്ല. ആരാണ് അല്ലാഹുവേക്കാൾ വർത്തമാനത്തിൽ കൂടുതൽ സത്യം പുലർത്തുന്നവൻ?" (വി.ഖു. 4 : 87)

ഇങ്ങനെ മനുഷ്യരെയും ജിന്നുകളെയുമെല്ലാം പരലോകത്ത് ഒരുമിച്ചുകൂട്ടി നൻമക്ക് നൻമകൊണ്ടും തിൻമക്ക് അതിനനുസരിച്ചും പ്രതിഫലം നൽകും. നൻമയുടെ പ്രതിഫലം അനേകമിരട്ടിയും മനുഷ്യൻ ഭാവനയിൽ ദർശിക്കുന്നതിനേക്കാളെല്ലാം മഹത്തരവുമായിരിക്കും.

## ഇനി നമുക്ക് ചിന്തിക്കുക

ലോകത്തിൻെറ സ്രഷ്ടാവും സംരക്ഷകനും ഏകനാണ് . അവൻെറ മാത്രം നിയന്ത്രണത്തിലാണ് കാര്യങ്ങളെല്ലാം. അവൻ എല്ലായ്പ്പോഴും ദത്തശ്രദ്ധനാണ് . ഉറക്കവും മയക്കവുമില്ലാതെ നിതാന്തജാഗ്രത പുലർത്തുന്നു. ഏത് കൂരിരുളിലും ലോകത്തിൻെറ ഏത് കോണിലും നടക്കുന്ന നിസ്സാരമായ ചലനങ്ങൾപോലും

കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നു. കാര്യങ്ങൾ ബോധ്യപ്പെടുത്താൻ അവന്നൊരു ശുപാർശകനോ ഉപദേഷ്ടാവോ വേണ്ട, ശുപാർശകൾകൊണ്ട് സ്വാധീനിക്കപ്പെടുന്നവനുമല്ല അവൻ. തന്നെയുമല്ല അവൻ സൃഷ്ടികളോട് അതിരററ ദയയും കാരുണ്യവുമുള്ളവൻ. ലോകത്താർക്കും അവൻെറ കാരുണ്യത്തിൻെറയും കൃപയുടെയും നേരിയ ഒരംശംപോലുമില്ല.

അങ്ങിനെയുള്ള ജഗന്നിയന്താവിനോട് നേരിട്ട് പ്രാർത്ഥിക്കാതെ, ഇടയ്ക്ക് ശുപാർശകരെയാക്കുന്നത് അവനെ അവിശ്വസിക്കലല്ലേ? അവൻെറ സ്നേഹത്തെയും കാരുണ്യത്തെയും അവമതിക്കലല്ലേ? അവനെ ക്രൂരനും കഠിനനും ഭീകരനുമായി കണക്കാക്കലല്ലേ? സാധാരണ മനുഷ്യർക്ക് പരിചിതരായ രാജാക്കളെപ്പോലെയോ അധികാരികളെപ്പോലെയോ അവനെ തരംതാഴ്ത്തി കാണലല്ലേ? 'അല്ലാഹുവെ കണക്കാക്കേണ്ടപോലെ അവർ കണക്കാക്കിട്ടില്ല' (വി.ഖു. 6 : 92) എന്ന് ഖുർആൻ കുററപ്പെടുത്തുന്നത് എത്ര സത്യം!

### താഴെ പറയുന്ന ദൈവവചനങ്ങൾ ശ്രദ്ധിക്കുക

"എൻെറ ദാസൻമാർ എന്നെ സംബന്ധിച്ചു നിന്നോടു ചോദിക്കുന്നപക്ഷം ഞാൻ സമീപസ്ഥനാണ്; പ്രാർത്ഥിക്കുന്നവൻെറ പ്രാർത്ഥന, അവനെന്നോട് പ്രാർത്ഥിക്കുന്ന പക്ഷം ഞാൻ സ്വീകരിക്കും. അതുകൊണ്ട് അവരെൻെറ ആഹ്വാനം സ്വീകരിക്കട്ടെ. അവരെന്നിൽ വിശ്വസിക്കട്ടെ; അവർ വിവേകികളായേക്കാം." (വി.ഖു.2 : 186)

"സത്യമായും മനുഷ്യനെ നാം സൃഷ്ടിച്ചു. അവൻെറ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നത് നാമറിയുന്നു. നാം ജീവനാഡിയെക്കാൾ അവനോടടുത്തവനാകുന്നു." (വി.ഖു. 50 : 16)

"അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തവയെ അല്ലാഹുവിന് പുറമെ അവർ ആരാധിക്കുകയും 'ഇവർ അല്ലാഹു

വിന്റെ അടുക്കൽ ഞങ്ങളുടെ ശുപാർശകരാണെ'ന്ന് പറയുകയും ചെയ്യുന്നു. ചോദിക്കൂ: ആകാശഭൂമികളിൽ ദൈവത്തിന് അറിഞ്ഞു കൂടാത്ത വിവരങ്ങൾ അവന് നിങ്ങൾ പറഞ്ഞുകൊടുക്കുക യാണോ?" (വി.ഖു. 10 : 18)

സാക്ഷാൽ ദൈവത്തിലേക്ക് മദ്ധ്യസ്ഥൻമാരെ സ്വീകരിക്കുന്നതിന് പുറമെ മററു ദൈവങ്ങളെ പ്രാർത്ഥിക്കുകയും പൂജിക്കുകയും ചെയ്യുന്നത് മേൽപറഞ്ഞതിനേക്കാൾ വലിയ അപരാധമാണ്. അല്ലാഹുവിന്റെ ഗുണങ്ങൾ മററുള്ളവരിൽ ആരോപിക്കുന്നതും അല്ലാഹുവിനെയല്ലാതെ മററുള്ളവരെ പ്രാർത്ഥിക്കുന്നതുമെല്ലാം ഏകദൈവവിശ്വാസത്തിന് വിരുദ്ധമാണ്. ദൈവത്തിൽ പങ്ക് ചേർക്കലാണ്. 'ശിർക്ക് ' എന്നാണ് അതിന് സാങ്കേതിക പ്രയോഗം. സ്രഷ്ടാവും സംരക്ഷകനും മററും മററും ഏകദൈവമാണെന്ന് വിശ്വസിച്ചതുകൊണ്ടോ പറഞ്ഞതുകൊണ്ടോ മാത്രമായില്ല. അതിനനുയോജ്യമായി പ്രാർത്ഥനകളും ആരാധനകളും വഴിപാടുകളുമെല്ലാം ഏകദൈവത്തിന് മാത്രം അർപ്പിക്കണം. അക്കാര്യത്തിലാണ് എതു കാലഘട്ടത്തിലുമുള്ള മനുഷ്യർക്ക് അബദ്ധം പിണഞ്ഞിരുന്നത്. സ്രഷ്ടാവും സംരക്ഷകനും സംഹാരകനുമെല്ലാം അല്ലാഹു മാത്രമാണെന്ന് മുഹമ്മദ് നബി(സ)യുടെ കാലത്തെ മക്കാനിവാസികളും സമ്മതിച്ചിരുന്നു. പക്ഷെ ആരാധനകളും വഴിപാടുകളും അല്ലാഹു അല്ലാത്തവർക്കും അവർ അർപ്പിച്ചുപോന്നു. ആ 'ശിർക്കി'നെയാണ് വിശുദ്ധഖുർആൻ ചോദ്യം ചെയ്തിട്ടുള്ളത്.

'ശിർക്കിൽ'ൽ നിന്ന് വിമുക്തനാവാതെ ഒരു വ്യക്തി എത്ര നല്ല കർമ്മങ്ങൾ ചെയ്തതുകൊണ്ടും സാമൂഹ്യസേവനം ചെയ്തതുകൊണ്ടും ഫലമില്ല. മനുഷ്യൻ ഏററവും അധികം കടപ്പെട്ടിട്ടുള്ളത് തന്റെ സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനോടാണ്. അവനെപ്പററിയുള്ള വിശ്വാസവും അവനോടുള്ള കൂറും നിഷ്കളങ്കമാവുകയും അവന്റെ അവകാശാധികാരങ്ങൾ

റെറ്റുള്ളവർക്ക് നൽകാതിരിക്കുകയും ചെയ്യുക മനുഷ്യന്റെ പ്രാഥമിക കടമയാണ് . അതു ചെയ്യാതെ 'ശിർക്കു'മായി ജീവിച്ചാൽ, അവൻ എന്തു സൽകർമ്മങ്ങൾ പ്രവർത്തിച്ചാലും ദൈവത്തിങ്കൽ അസ്വീകാര്യമാണ് . ഈ ദൈവവചനങ്ങൾ ശ്രദ്ധിക്കുക :—

"അല്ലാഹു എല്ലാ വസ്തുവിന്റെയും സ്രഷ്ടാവാണ് . അവൻ എല്ലാ വസ്തുവിന്റെയും മേൽനോട്ടം വഹിക്കുന്നവനുമാണ് . ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ താണ് . അല്ലാഹുവിന്റെ വചനങ്ങളിൽ അവിശ്വസിച്ചവർ തന്നെ യാണ് നഷ്ടക്കാർ. ചോദിക്കുക: ഹേ, അവിവേകികളെ, അല്ലാഹു അല്ലാത്തവരെ ആരാധിക്കണമെന്നാണോ നിങ്ങളെന്നോടു പറ യുന്നത് ? 'താൻ പങ്ക് ചേർക്കുന്ന പക്ഷം തന്റെ സൽകർമ്മങ്ങൾ നിഷ്ഫലമായിപ്പോവുന്നതും താൻ നഷ്ടക്കാരിൽ പെട്ടവനായി ത്തീരുന്നതുമാ'ണെന്ന് നിനക്കും നിന്റെ മുമ്പുള്ളവർക്കും ബോധനം ലഭിച്ചിട്ടുണ്ട് . എന്നല്ല, അല്ലാഹുവിനെ മാത്രം ആരാധിച്ച് നീ നന്ദിയുള്ളവരിൽ പെട്ടു കൊള്ളുക. ഭൂമി മുഴുവൻ അവസാന നാളിൽ അവന് ഒരു പിടി മാത്രം. ആകാശങ്ങൾ അവന്റെ കയ്യിൽ ഒരു ചുരുൾ. അവൻ അതി പരിശുദ്ധൻ. അവർ പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം അവൻ ഉയർന്നവനാണ് ." (വി.ഖു. 39 : 62 — 67)

"അല്ലാഹു അവനിൽ പങ്കു ചേർക്കുന്നതിനെ പൊറുക്കുകയില്ല; തീർച്ച. അതല്ലാത്തത് അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തു കൊടുക്കും. ആരെങ്കിലും അല്ലാഹുവിൽ പങ്ക് ചേർക്കുന്നതായാൽ അവൻ വമ്പിച്ച പാപം സമ്പാദിച്ചു." (വി. ഖു. 4 : 48)

അവസാനമായി അല്ലാഹുവിന്റെ ഉത്തമമായ നാമങ്ങളെ 'അവന്റെ ഗുണങ്ങളെ ഉൽഘോഷിക്കുന്ന ഏതാനും ഖുർആൻ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് അവസാനിപ്പിക്കട്ടെ!

"അവനത്രെ അല്ലാഹു; അവനല്ലാതെ ഒരു ദൈവവുമില്ല. അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവൻ. അവൻ പരമ

കാരുണികനും കരുണാനിധിയുമത്രെ. അവനത്രെ അല്ലാഹു. അവനല്ലാതെ ഒരു ദൈവവുമില്ല. രാജാവ് , അതി പവിത്രൻ, സമാധാന ദാതാവ് , അഭയം നൽകുന്നവൻ, മേൽനോട്ടം വഹിക്കുന്നവൻ,അജയ്യൻ, അലംഘ്യശക്തൻ, മഹത്വമുടയവൻ, അവർ പങ്ക് ചേർക്കുന്നതിൽ നിന്ന് അല്ലാഹു പരിശുദ്ധനാണ് .

അവനത്രെ അല്ലാഹു. ആസൂത്രകൻ, (ഇല്ലായ്മയിൽ നിന്ന് ) സൃഷ്ടിക്കുന്നവൻ, രൂപപ്പെടുത്തുന്നവൻ, ഏററവും ഉത്തമ നാമങ്ങൾ അവനുള്ളതത്രെ! ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവനെ വാഴ്ത്തിടുന്നു. അവൻ അജയ്യനായ അഗാധജ്ഞനത്രെ". (വി.ഖു. 59 : 22 — 24)

അല്ലാഹു മാത്രമാണ് ആരാധ്യൻ, അവനല്ലാതെ ഒരു ദൈവവുമില്ല. അവനോട് മാത്രം പ്രാർത്ഥിക്കുക അവനെ മാത്രം ആരാധിക്കുക.

## അല്ലാഹു അക്ബർ

# أخي الكريم وأختي الكريمة

نـدعوكم للمشاركة في إنجاح أعمال المكتب وتحقيق طموحاته من خلال إسهامكم بالأفكار والمقترحات والدعم المادي والمعنوي.

**فلا تحرم نفسك الأجر بالمشاركة في دعم أعمال المكتب**

## الدال على الخير كـ... فاعله

| م | إسم الحساب | رقم الحساب | غرض الحساب |
|---|---|---|---|
| ١ | التبرعات العامة | ١٩٥٦٠٨٠١٠١٠٢٠٠٧ | خاص بتسيير أعمال المكتب كاملة ورواتب الدعاة والعاملين وخدمات أخرى |
| ٢ | تبرعات المكتب | ١٩٥٦٠٨٠١٠١٠٦٥٥٢ | خاص بطباعة الكتب والمطويات وغيرها |
| ٣ | تبرعات الزكاة | ١٩٥٦٠٨٠١٠١٠٨١٣٧ | خاص بأصناف الزكاة |
| ٤ | مقر المكتب | ١٩٥٦٠٨٠١٠١٣٣٥٥٦ | خاص بتشييد مباني المكتب |

الحساب الموحد لجميع حسابات المكتب ( [illegible] ) لدى مصرف الراجحي

المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
هاتف [illegible] الرياض [illegible] بريد الكتروني E.mail : Sulmnh22@hotmail.com

٢